## TRAVANCORE-COCHIN LEGISLATIVE ASSEMBLY.

**The Speaker :**

The Honourable Shri K. P. Nilakanta Pillai.

**The Deputy Speaker :**

Shri K. P. Krishna Menon.

**Secretary :**

Shri V. Krishnamoorthi.

**Assistant Secretary :**

Shri R. Kerala Varma Thirumulpad.

## GOVERNMENT OF TRAVANCORE-COCHIN STATE.

COUNCIL OF MINISTERS :

**Chief Minister :**

The Honourable Shri A. J. John.

**Minister for Home Affairs :**

The Honourable Shri T. M. Varghese.

**Minister for Finance and Civil Supplies :**

The Honourable Shri Panampilli Govinda Menon.

**Minister for Works and Transport :**

The Honourable Shri Kalathil Velayudhan Nair.

**Minister for Medicine and Public Health :**

The Honourable Shri V. Madhavan.

**Minister for Local Self-Government:**

The Honourable Shri K. Kochukuttan.

**Minister for Revenue :**

The Honourable Shri A. Chidambaranatha Nadar.

G. C. P. T.

# TRAVANCORE-COCHIN LEGISLATIVE ASSEMBLY.

## List of Members showing their Constituencies.

1 Shri M. M. Abdul Khader (*Alwaye*)
2 ,, A. Achyuthan (*Kartikapalli*)
3 ,, C. Achyutha Menon (*Trichur*)
4 ,, P. C. Athichan (*Kunnattur—Reserved*)
5 ,, Alexander Parambitharayil (*Kanayannur—General*)
6 ,, P. V. Avira Tharakan (*Aroor*)
7 ,, C. C. Ayyappan (*Wadakkancherry—Reserved*)
8 ,, K. K. Ayyappan (*Kanayannur—Reserved*)
9 ,, Baby John (*Perinad*)
10 ,, K. Balakrishna Menon (*Wadakkancherry—General*)
11 ,, K. Bhanu (*Muthukulam*)
12 ,, P. Bhaskaran Nair (*Kottayam*)
13 ,, A. C. Chacko (*Kumaramangalam*)
14 ,, P. Chacko (*Tiruvalla*)
15 ,, G. Chandrasekhara Pillai (*Neyyattinkara*)
16 ,, K. M. Chandy (*Uzhavoor*)
17 ,, A. K. Chelliah (*Eraniel—Reserved*)
18 ,, K. K. Chellappan Pillai (*Mavelikara*)
19 ,, Cheriyan J. Kappan (*Ramapuram*)
20 ,, M. V. Cheriyan (*Piravam*)
21 ,, A. Chidambaranatha Nadar (*Eraniel—General*)
22 ,, S. G. Deviappan (*Devicolam—Peermade—General*)
23 ,, T. K. Divakaran (*Quilon*)
24 ,, Ambat Eachara Menon (*Chittur*)
25 ,, R. Gangadharan (*Chirayinkil*)
26 ,, Ganapathy (*Devicolam—Peermade—Reserved*)
27 ,, K. M. George (*Thodupuzha*)
28 ,, M. Gopalan Nair (*Nemam*)
29 ,, E. Gopalakrishna Menon (*Cranganur*)
30 ,, P. Govinda Pillai (*Perumbavur*)
31 ,, Panampilli Govinda Menon (*Chalakudi*)
32 ,, M. N. Govindan Nair (*Bharanikavu—General*)
33 Srimati K. R. Gouri (*Thuravur*)
34 Shri A. L. Jacob (*Ernakulam*)
35 ,, James Tharayil (*Ettumanoor*)
36 ,, A. J. John (*Poonjar*)
37 ,, Joseph Vazhappilly (*Poomangalam*)

38 Shri Kambisseril Karunakaran (*Puthupalli*)
39 „ K. Karunakaran (*Viyyur*)
40 „ C. Kesavan (*Eravipuram*)
41 „ Nedumangad R. Kesavan Nair (*Aryanad*)
42 „ R. Kesava Pillai (*Chadayamangalam—General*)
43 „ T. T. Kesavan Sastri (*Changanacherry—Reserved*)
44 „ K. M. Korah (*Changanacherry—General*)
45 „ Kochukunju (*Chadayamangalam—Reserved*)
46 „ K. Kochukuttan (*Amballur—Reserved*)
47 „ E. Krishnan Nair (*Kottarakara*)
48 „ K. P. Krishna Menon (*Ayirur*) (*Deputy Speaker*)
49 „ T. K. Krishnan (*Kunnamkulam*)
50 „ V. R. Krishnan Ezhuthassan (*Nemmara*)
51 „ K. V. Krishnankutti Warrier (*Irinjalakuda*)
52 „ K. K. Kumara Pillai (*Ambalapuzha*)
53 „ C. K. Kumara Panicker (*Shertala*)
54 „ A. Kunjan Nadar (*Parassala*)
55 „ Kunjithommen (*Kothakulangara*)
56 „ K. Kuttappan (*Bharanikavu—Reserved*)
57 „ V. Madhavan (*Kaduthuruthi*)
58 „ K. Madhavan Unnithan (*Kunnattur—General*)
59 „ T. A. Majeed (*Varkala*)
60 „ M. K. Mathai (*Kunnatnad*)
61 „ M. C. Mathew (*Minachil*)
62 „ J. T. Moraes (*Kottukal*)
63 „ O. C. Ninan (*Kallooppara*)
64 „ Chengarappally P. Narayanan Potti (*Thakazhi*)
65 „ P. S. Nataraja Pillai (*Trivandrum I*)
66 „ N. Nilakantaru Pandarathil (*Nedumangad*)
67 „ N. A. Noor Muhammad (*Kalkulam*)
68 „ Pareethu Rowther (*Omallur*)
69 „ R. Ponnappa Nadar (*Killiyur*)
70 „ K. P. Prabhakaran (*Manalur*)
71 „ L. M. Pylee (*Mattancherry*)
72 „ J. Raghavan Pillai (*Karunagapalli*)
73 „ N. Raghava Kurup (*Tiruvarpu*)
74 „ N. Rajagopalan Nair (*Pathanapuram*)
75 „ P. K. Ramachandra Das (*Chengannur—Reserved*)
76 „ Ramakrishnan (*Narakkal*)
77 „ P. Ramaswami Pillai (*Thiruvattar*)
78 „ T. S. Ramaswami (*Thovala—Agastiswaram—General*)
79 „ P. Ravindran (*Paravur*)

80 Shri C. G. Sadasivan (*Thannirmukkam*)
81 „ P. Sadasivan Pillai (*Kadapra*)
82 „ K. Sadanandan (*Ullur*)
83 „ A. Samraj (*Thovala—Agastiswaram—Reserved*)
84 „ C. Sankar (*Nagercoil*)
85 Dr. N. S. Pillai (*Attingal*)
86 Shri K. Sattanatha Karayalar (*Shencotta*)
87 „ Alexander Manuel Simon (*Vilavankod*)
88 Dr. M. Sivaraman Nair (*Chengannur—General*)
89 Shri V. Sridharan (*Kazhakkuttam*)
90 „ C. P. Srivallabha Menon (*Parur*)
91 „ R. Sugathan (*Alleppey II*)
92 „ A. Thanu Pillai (*Trivandrum II*)
93 „ K. J. Thomas (*Kanjirapalli*)
94. Dr. P. T. Thomas (*Vijayapuram*)
95 Shri T. V. Thomas (*Alleppey I*)
96 „ M. P. Varghese (*Kothamangalam*)
97 „ E. P. Varghese (*Alangad*)
98 „ N. P. Varghese (*Muvattupuzha*)
99 „ T. M. Varghese (*Ranni*)
100 „ V. V. Varkey (*Vazhoor*)
101 „ Varunny Pulikkal (*Amballur—General*)
102 „ Vasudevan Pillai (*Pathanamthitta*)
103 „ Kalathil Velayudhan Nair (*Pattazhi*)
104 „ K. I. Velayudhan (*Oorakam*)
105 „ C. K. Viswanathan (*Vaikam*)
106 „ M. Willam (*Arumana*)
107 „ Anthonie Andrew Daniel Luiz (*Anglo-Indian-Nominated*)
108 „ Vacant (*Chavara*)

**PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY**

**SECOND SESSION 1952**

*Monday, the 30th June, 1952*

**Vol. VI** **OFFICIAL REPORT** **No. 1**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 30th June, 1952, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

## ORAL ANSWERS

### Integration of the Services.

*1. [1] **Shri P. S. Nataraja Pillai**: Will the Minister for General Administration be pleased to state:

(*a*) whether the integration of the services has been effected;

(*b*) if so, the departments in which it was effected and the date from which it took effect; and

(*c*) if not, when do the Government propose to effect it?

*Chief Minister* **(Shri A. J. John)**:

(*a*) Integration of the services has not been effected as yet;

(*b*) Does not arise: it is hoped that the Secretariat integration would be finished within a few weeks;

(*c*) As early as possible. It is hoped to complete it in more departments in a few months. The work involved is delicate and difficult.

**Shri P. S. Nataraja Pillai**: May I know how long it will take?

**Shri A. J. John**: Within a few weeks it would be completed.

**Shri P. S. Nataraja Pillai**: May I know whether any principles have been accepted by Government.

**Shri A. J. John**: Yes; proceedings have been published by Government.

**Shri P. S. Nataraja Pillai**: Are they the principles accepted in the G. O. published in 1950 or in the one published in April 1952?

**Shri A. J. John**: Some modifications have been effected in the G. O. of April 1952.

**Shri P. S. Nataraja Pillai:** Is there any proposal to change the principles enunciated in 1952 ?

**Shri A. J. John:** Not at present.

**Shri P. S. Nataraja Pillai:** Is the integration of the Excise Department being done ?

**Shri A. J. John:** That is not completed.

**Shri P. S. Nataraja Pillai:** Is it still pending with the Government ?

**Shri A. J. John:** Yes.

**Shri P. S. Nataraja Pillai:** May I know whether the combined seniority list of the Travancore-Cochin personnel is to be prepared on the principles enunciated in the 1950 G. O. ?

**Shri A. J. John:** 1950 and 1951 taken together.

**Shri K. V. Krishnankutti Warrier:** Have the Government passed final orders on this question more than once ?

**Shri A. J. John:** Government have issued three proceedings one in 1950, another in 1951 and another in 1952.

**Shri K. V. Krishnankutti Warrier:** What were the reasons for this change of orders ?

**Shri A. J. John:** When difficulties arise in the matter of the implementation of integration proposals, the Government will reconsider the matter.

**Shri K. V. Krishnankutti Warrier:** May I know whether there have been any suggestions and representations from the N. G. O. Associations concerned ?

**Shri A. J. John:** That is also taken into consideration.

**Shri A. Thanu Pillai:** May I know whether Government will be prepared to leave the matter to a committee elected by this House from among the members of this House ?

**Shri A. J. John:** At present Government do not feel it necessary to refer the matter to a committee.

**Shri A. Thanu Pillai:** Do the Government feel that they will at any time, be able to settle this question satisfactorily ?

**Shri A. J. John:** Most certainly.

**Shri A. Thanu Pillai:** Are the Government aware that there is a lot of opposition to the proposals of the Government from the N. G. Os' Association ?

**Shri A. J. John:** There is some opposition from the services of both Travancore and Cochin.

**Shri A. Thanu Pillai:** What are the difficulties facing the Government in solving this very material problem ?

**Shri A. J. John:** There are ever so many difficulties. They are mentioned in the G. O. dated 2-7-1950.

**Shri A. Thanu Pillai:** May I know from the Hon. Minister the latest date on which we can see the completion of the integration of the services of Travancore-Cochin ?

**Shri A. J. John :** I have already answered that question, that the matter will be completed within a few weeks.

**Shri A. Thanu Pillai :** A few weeks may be two or 22 weeks. Now that the Government have taken over two and a half years over this very important matter, and are not prepared to refer the matter to a committee, I wish to know the latest date by which this important issue will have been settled.

**Shri A. J. John :** Within a few weeks. That is all what I can say at present.

**Shri N. Rajagopalan Nair :** Have the lump sums provided for the unification of pay-scales been spent at any time?

**Shri A. J. John :** Yes; with regard to certain departments, the sums have been utilized, say, in regard to the Medical Department, etc.

**Associations for the Non-Gazetted Officers.**

*2. [2] **Shri P. S. Nataraja Pillai :** Will the Minister for General Administration be pleased to state:

(a) whether there are two Associations for the Non-Gazetted Officers of State of Travancore-Cochin recognised by Government and allowed to function separately ; and

(b) if so, the reasons for granting sanction and recognition to two Associations to function?

*Chief Minister* (**Shri A. J. John**): (a) and (b) The All-Travancore Non-Gazetted Officers' Association, and the All-Cochin Non-Gazetted Officers' Association, constituted under the two erstwhile States, with the sanction of the Governments concerned, still continue to function. They have been recognized by the Travancore-Cochin Government also. The two associations are allowed to continue because, the service integration has not been completed.

**Shri P. S. Nataraja Pillai :** Does the Government recognize that there is a Cochin civil servant and a Travancore civil servant today ?

**Shri A. J. John :** The services have not been integrated, and so, they are allowed to function separately—the Travancore Non-Gazetted Officers' Association and the Cochin Non-Gazetted Officers' Association.

**Shri P. S. Nataraja Pillai :** Will not this lead to rivalry between two sections in the public service and consequent deterioration of their morale ?

**Shri A. J. John :** Immediately after the integration of the services is effected, both the Associations will become one.

**Shri P. S. Nataraja Pillai :** Will it not be better to handle the question of personal grievances with the persons who are in service ?

**Shri A. J. John :** That is mentioned in the proceedings itself. There are individual cases of grievances, and they will be separately considered.

**Shri P. S. Nataraja Pillai:** If that be so, will it not be better to have only one Association recognized?

**Shri A. J. John:** There will be only one Association after the integration is finalized.

ശ്രീ. കെ. കരുണാകരൻ: സംയോജനം പൂർത്തിയാകുന്നതുവരെ കൊച്ചി വിഭാഗത്തിലെയും തിരുവിതാംകൂർ വിഭാഗത്തിലെയും ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക താല്പര്യങ്ങളെ പരിഗണിക്കാൻ വേണ്ടി രണ്ടുസംഘടനയായിട്ടുതന്നെ ഇരിക്കണമെന്നു ഗവണ്മെന്റിനു തോന്നിയതുകൊണ്ടാണോ ഇങ്ങനെ അനുവദിച്ചതു്?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ തോന്നിയതുകൊണ്ടാണു് അനുവദിച്ചിട്ടുള്ളതു്?

**Shri P. S. Nataraja Pillai:** I would like to know from the Hon. Minister whether there exists a separate interest for a class of servants in this State to-day?

**Shri A. J. John:** That will depend upon the demands that may be put forward by each member.

**Shri P. S. Nataraja Pillai:** Is it not a demand based on personal grievances?

**Shri A. J. John:** It may be like that.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻനായർ: കൊച്ചി എൻ. ജി. ഒ. അസോസ്യേഷൻ പ്രസിഡന്റു് അവരുടെ അവസാനത്തെ ഒരു തുള്ളി രക്തം ചൊരിയുന്നതുവരെ സമരം തുടരുമെന്നു പ്രസ്താവിച്ചിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്?

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: ആ പ്രസ്താവനയെപ്പറ്റി എന്തെങ്കിലും നടപടി നടത്താൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെന്റു അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്?

## കയർവ്യവസായമാന്ദ്യം.

* ൩. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?—

(എ) ഇവിടത്തെ കയർവ്യവസായ മാന്ദ്യത്തെപ്പറ്റി അന്വേഷിക്കാൻ [illegible] ഇൻഡ്യാഗവണ്മെന്റിലെ ഒരു ഉദ്യോഗസ്ഥൻ ഇവിടെ വന്നിരുന്നോ;

(ബി) ആരുടെ നിർദ്ദേശമനുസരിച്ചാണു് അദ്ദേഹം ഇവിടെ വന്നതു്;

(സി) അദ്ദേഹത്തിന്റെ അന്വേഷണഫലമെന്തു്;

(ഡി) കയർവ്യവസായമാന്ദ്യത്തിനു് അദ്ദേഹത്തിന്റെ പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാം;

(ഇ) അവ എന്നു മുതൽ നടപ്പിൽ വരുത്തുമെന്നറിയാമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഇവിടത്തെ കയർവ്യവസായമാന്ദ്യത്തെപ്പറ്റി അന്വേഷണം നടത്താൻ വേണ്ടി ഇൻഡ്യാഗവണ്മെൻറിൻെറ ഒരു ഉദ്യോഗസ്ഥൻ ഇവിടെ വന്നിരുന്നു.

(ബി) ഈ കാര്യത്തെപ്പറ്റി അറിയുന്നതിനു് ഒരുദ്യോഗസ്ഥനെ അയച്ചുതരണമെന്നു് ഈ ഗവണ്മെൻറു് ഇൻഡ്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിരുന്നു. അങ്ങനെ ഈ ഗവണ്മെൻറിൻെറ ആവശ്യമനുസരിച്ചാണു് ആ ഉദ്യോഗസ്ഥൻ ഇവിടെ വന്നതു്.

(സി) അന്വേഷണം നടത്തിയതിനു ശേഷം അദ്ദേഹം ഒരു ഇടക്കാല റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടെന്നാണു് അറിയുന്നതു്.

(ഡി) ഈ റിപ്പോർട്ടു് പരസ്യപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടു് പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നുള്ളതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

(ഇ) ഡിയുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: റിപ്പോർട്ടിൻെറ ഒരു കാപ്പി ഗവണ്മെൻറിനു് സമർപ്പിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ: ഈ കാര്യങ്ങളെപ്പറ്റി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട മന്ത്രിയുമായി വല്ല സംഭാഷണവും നടന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സംഭാഷണങ്ങൾ നടന്നിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: കയർവ്യവസായ മാന്ദ്യം ഉണ്ടാകാൻ കാരണം എന്തെന്നുള്ളതിനെപ്പറ്റി വല്ല വിശദവിവരണവും ആ ഉദ്യോഗസ്ഥൻ നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. അതായതു് തിരുവിതാംകൂർ-കൊച്ചിയിലുള്ള കയർവ്യവസായത്തിൽ ഉണ്ടായിട്ടുള്ള മാന്ദ്യം ഈ ഗവണ്മെൻറു നേരിട്ടു് അന്വേഷണം നടത്തുകയും ആ അന്വേഷണത്തിൽനിന്നും ലഭിച്ചിട്ടുള്ള പല വിവരങ്ങളും അദ്ദേഹത്തിൻെറ മുമ്പിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെൻറു് ഈ കാര്യത്തെപ്പറ്റി പ്രത്യേകമായി വല്ല പരിഹാരവും നേടുന്നതിനു ശ്രമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ വ്യവസായത്തിൻെറ പ്രോത്സാഹനത്തിനു വേണ്ടി എന്തെല്ലാമാണു് ഈ ഗവണ്മെൻറു ചെയ്യേണ്ടതെന്നു കാണിച്ചു് ഇൻഡ്യാഗവണ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ടു്. ഇതിനും പുറമേ തീരപ്രദേശങ്ങളിലുള്ള കയർവ്യവസായത്തിൻെറ പ്രോത്സാഹനത്തിനുവേണ്ടി ഒരു സ്പെഷ്യലാഫീസറെ നിയമിച്ചു നടപടി നടത്തിവരികയാണു്.

ശ്രീ. എ. താണുപിള്ള: ഇതിലേക്ക് ഇൻഡ്യാഗവണ്മെൻറിൽ നിന്നുംതന്നെ ഒരു ഉദ്യോഗസ്ഥനെ ആവശ്യപ്പെടാനുള്ള വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലോകവിപണികളിൽ നമ്മുടെ കയർ ഉല്പന്നങ്ങൾക്ക് ശരിയായ മാർക്കററ ലഭിക്കണമെങ്കിൽ ഇൻഡ്യാഗവണ്മെൻറിൻെറ സഹായം ആവശ്യമാണ്. അങ്ങനെ ഈ കാര്യത്തിൽ ഇൻഡ്യാഗവണ്മെൻറിൻെറ ഒഴിച്ചുകൂടാൻ പാടില്ലാത്ത സഹായം ആവശ്യമുള്ളതുകൊണ്ടും ആലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങളിലെ തൊഴിലാളിപ്രതിനിധികളും മുതലാളി പ്രതിനിധികളും തമ്മിൽ നടന്ന സംഭാഷണങ്ങളിൽ എത്തിച്ചേർന്ന തീരുമാനമനുസരിച്ചും ഇങ്ങനെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ട് വരുത്തിയിട്ടുള്ളതാണ്.

## പത്തുമല വെടിവയ്പ്.

* ൪. [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പത്തുമല എസ്റ്റേററിലെ വെടിവയ്പിനുള്ള കാരണമെന്താണ്;

(ബി) തൊഴിലാളികൾ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെ ആയിരുന്നു;

(സി) വെടിവയ്പിൻെറ ഫലമായി എത്ര പേർ മരിച്ചു; എത്ര പേർക്ക് മുറിവു പററി;

(ഡി) പത്തുമല എസ്റ്റേററിൽ ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഇ) വെടിവയ്പിനെ സംബന്ധിച്ച് ഒരു പരസ്യാന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) പത്തുമല എസ്റ്റേററിൽ വെടിവയ്പിനു മുൻപ് എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു:

(ജി) വെടിവയ്പിനു ശേഷം അവിടെ എത്ര തൊഴിലാളികൾ ഉണ്ട്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്:) (എ) തൊഴിലാളികളുടെ അസമാധാനപരമായ പെരുമാററവും, കൂടുതൽ അക്രമങ്ങൾക്കുള്ള അവരുടെ പുറപ്പാടും.

(ബി) എസ്റ്റേററിൽ നിന്നും, കുട്ടികളുടെ ആവശ്യത്തിലേക്ക് സൌജന്യവിതരണം നടത്തിവന്നിരുന്ന പ്രയറുവർഗ്ഗങ്ങൾക്കു പകരം അവർക്ക് അരി വിതരണം ചെയ്യണമെന്ന്.

(സി) മൂന്നുപേർ മരിച്ചു. ഒരാൾക്ക് മുറിവുപററി.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) ശരാശരി ൭൭൦ തൊഴിലാളികൾ ഉണ്ടായിരുന്നു. വെടിവയ്പിൻെറ തലേദിവസം ൪൩൦ തൊഴിലാളികൾ ജോലി ചെയ്തിരുന്നു.

(ജി) ശരാശരി ሀ൯ ഠ തൊഴിലാളികൾ ജോലി ചെയ്യുന്നു.

ശ്രീ. ആർ. ഗംഗാധരൻ: വെടിവയ്പിനെപ്പററി ഒരു പരസ്യാന്വേഷണം നടത്താൻ ഭാവം ഇല്ലെന്നു പറയുന്നതിനുള്ള കാരണം എന്താണ്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ ചോദ്യത്തിൽ അതായത് നാലാം നമ്പർ ചോദ്യത്തിൽ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകളിൽ ആവശ്യപ്പെട്ടതനുസരിച്ചു തന്നിട്ടുള്ള വിവരങ്ങൾകൊണ്ട് ഒരു പരസ്യാന്വേഷണത്തിന്റെ ആവശ്യമില്ലായ്മ വെളിപ്പെടുന്നതാണ്. കൂടാതെ ഇതേവരെ നടത്തീട്ടുള്ള അന്വേഷണങ്ങളുടെ ഫലമായിട്ട് ഒരു പരസ്യാന്വേഷണത്തിന്റെ ആവശ്യം ഗവണ്മെന്റിനു ബോദ്ധ്യമായിട്ടില്ല. കൂടാതെ അങ്ങനെ പരസ്യാന്വേഷണം നടത്തുന്നതു വിഹിതവുമല്ല. കാരണം ഒരു പരസ്യാന്വേഷണം നടത്തുന്നു എങ്കിൽ അതിനു വിഷയമാകേണ്ട പല തെളിവുകളും ശേഖരിക്കേണ്ടതുണ്ട്. എന്നാൽ ഈ കാര്യങ്ങളെപ്പററി ഒരു കേസ് കോടതിയിൽവിചാരണയിലിരിക്കവേ ഇതു സംബന്ധിച്ച് മററന്വേഷണങ്ങൾനടത്തി തെളിവു ശേഖരിക്കുന്നതും തീർമാനിക്കുന്നതും ന്യായരഹിതമാണ്. അനിവാര്യങ്ങളായ പരിതഃസ്ഥിതികൾ ഉണ്ടായതു കൊണ്ടാണ് വെടിവയ്പ് നടന്നിട്ടുള്ളതു്.

ശ്രീ. ആർ. ഗംഗാധരൻ: അന്വേഷണം നടത്തിയതു് ആരാണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ആദ്യത്തെ ദിവസംതന്നെ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് പോയി അന്വേഷിച്ചു. കൂടാതെ നിയമം ആവശ്യപ്പെടുന്നതുപോലെ ഡിസ്ത്രിക്ററ് മജിസ്രേററം അന്നുതന്നെ പോയി അന്വേഷണം നടത്തുകയും ഗവണ്മെന്റിലേക്കു റിപ്പോർട്ട് അയക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല യാഥാർത്ഥ്യങ്ങൾ നേരിട്ടറിയുന്നതിലേക്കു ചീഫ്മിനിസ്റററം ഹോംമിനിസ്റററം കൂടി ഒരു ദിവസം അവിടെ പോവുകയും അന്നും അതിനടുത്ത ദിവസവും തുടന്ന് അന്വേഷണം നടത്തുകയും ചെയ്തു. അതിനും പുറമെ ഒരു ദിവസം ഹോംമിനിസ്റ്റർ മാത്രം പോയി എല്ലാ വിവരങ്ങളെപ്പററിയും അന്വേഷണം നടത്തിയിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: കാൺഗ്രസ്സ്ഭരണം ആരംഭിച്ചതിനു ശേഷം ഈ വെടിവയ്പല്ലേ ആദ്യമായി നടന്നിട്ടുള്ളതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: മുമ്പു വെടിവയ്പുണ്ടായിട്ടുണ്ടോ എന്നുള്ളതു് റിക്കാർഡുകൾ നോക്കിയതിനു ശേഷമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. സി. അച്യുതമേനോൻ: പരസ്യാന്വേഷണം നടത്തണമെന്നുള്ളതിലേക്കു് അനവധി സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ചിലതു ലഭിച്ചിട്ടുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: കാൺഗ്രസ്സ്പാർട്ടിയിൽപ്പെട്ട അംഗങ്ങളുടെ നിവേദനവും ലഭിച്ചിട്ടില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: ലഭിച്ചിട്ടുണ്ട്.

ശ്രീ. സി. ജി. സദാശിവൻ: അവിടെ എത്ര ചുററുവെടിവച്ചു എന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: സൂക്ഷ്മം അറിഞ്ഞുകൂടാ. ഒരു പത്തോ അതിനോടടുത്തോ വെടിവച്ചിരിക്കാം. റിക്കാർഡ് പരിശോധിച്ചു പറയാം.

**Mr. Speaker:** Order, Order. We have already circulated some instructions to the hon. Members and I believe they have read them with benefit. Now, I see half a dozen Members standing on the floor of the House at the same time for asking questions while the Minister is in possession of the House. I am afraid such a position is irregular. Therefore I would request one hon. Member to stand up at a time for putting supplementary questions.

ശ്രീ. എം. എം. അബ്ദുൽഖാദർ: എത്ര റൗണ്ട് വെടിവച്ചു എന്നു പോലും അറിയാൻ പാടില്ലാത്ത ഒരു അന്വേഷണത്തിന്റെ വെളിച്ചത്തിലാണോ മന്ത്രി ഇക്കാര്യത്തിൽ ഒരു പരസ്യാന്വേഷണം വേണ്ടെന്നു തീരുമാനിച്ചതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: വിവരങ്ങളെല്ലാം ശരിയായി അന്വേഷിച്ചിട്ടുണ്ട്. കോടതിയിൽ വിചാരണക്കു വരുന്ന സംഗതിയായതുകൊണ്ടു് കൂടുതൽ വിവരങ്ങൾ ഓർമ്മയിൽനിന്നു് ഇവിടെ പ്രസ്താവിക്കുന്നതു ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പത്തുമല വെടിവയ്പുസംബന്ധിച്ചു പോലീസുകാരുടെ പേരിൽ കേസെടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: വാദികളായി ആരും വന്നതായി അറിവില്ല. കേസെടുത്തിരിക്കാൻ ഇടയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പോലീസുകാർ വെടിവച്ചാൽ വാദികളായി ആളുകളില്ലാതെ കേസ് എടുക്കുകയില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: കേസ് എടുക്കേണ്ടതാണെങ്കിൽ കേസ് എടുക്കും. അന്വേഷണത്തിന്റെ ഫലമായിട്ടാണ് ആ കാര്യം തീർച്ചപ്പെടുത്തേണ്ടതു്.

ശ്രീ. കെ. സി. നൈനാൻ: വെടിവയ്പു നടന്ന സമയത്തു മജിസ്ട്രേട്ട് സ്ഥലത്തുണ്ടായിരുന്നോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉണ്ടായിരുന്നു.

ശ്രീ. പി. റ്റി. അമ്പിരാമരകൻ: വെടിവയ്പിൽ മരിച്ചവരെല്ലാം മലയാളികളാണോ തമിഴരാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: തമിഴരാണ്.

ശ്രീ. കെ. സി. നൈനാൻ: മജിസ്ട്രേട്ടിന്റെ ആർഡർ അനുസരിച്ചാണോ വെടിവയ്പ് നടന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: അതേ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: മരിച്ചവരുടെ എണ്ണം ൨൨ ഓളം വരുമെന്നു പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തിരുന്നതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: മരിച്ചവരുടെ എണ്ണം മൂന്നല്ല, കൂടുതലുണ്ടെന്നു റിപ്പോർട്ടുകൾ കണ്ടിട്ടുണ്ട്. അതെല്ലാം അടിസ്ഥാനരഹിതങ്ങളാണ്.

ശ്രീ. കെ. ജെ. താമസ്: ശവശരീരങ്ങൾ ലോറിയിൽ കയററിക്കൊണ്ടുപോയി എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതും അടിസ്ഥാനരഹിതമാണ്.

ശ്രീ. കെ. ജെ. താമസ്: ശവശരീരങ്ങൾ ബന്ധുമിത്രാദികൾക്കു വിട്ടുകൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ ആരെങ്കിലും ആവശ്യപ്പെട്ടിട്ടുള്ളതായോ വിട്ടുകൊടുത്തിട്ടുള്ളതായോ അറിവില്ല.

ശ്രീ. കെ. കരുണാകരൻ: വെടിവയ്പിനെ ന്യായീകരിക്കാൻ തെളിവുണ്ടെങ്കിൽ ധാരാളം ആളുകൾ പരസ്യാന്വേഷണം നടത്തണമെന്നാവശ്യപ്പെടുമ്പോൾ അതെന്തുകൊണ്ടാണ് നടത്താതിരിക്കുന്നതെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ബഹുമാനപ്പെട്ട മെംബർ പറഞ്ഞതു മുഴുവൻ ഞാൻ സ്വീകരിക്കുന്നില്ല. ഏതാനും ആളുകൾ പരസ്യാന്വേഷണം നടത്തണമെന്ന് നിവേദനങ്ങൾവഴിയായും പ്രമേയങ്ങൾ വഴിയായും ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ആവശ്യപ്പെട്ട എന്നുള്ളതുകൊണ്ടുമാത്രം പരസ്യാന്വേഷണം നടത്താവുന്നതല്ല. അതിന് തടസ്സമായ രണ്ടു കാരണങ്ങൾ ഞാൻ ഇവിടെ നേരത്തെതന്നെ പ്രസ്താവിച്ചിട്ടുണ്ട്. അതിപ്പോഴും ആവർത്തിക്കുകയേ നിവൃത്തിയുള്ളു.

**Shri P. S. Nataraja Pillai:** May I know whether the shooting incident is a subject matter of judicial enquiry?

**Shri T. M. Varghese:** The shooting does not stand by itself. The events that immediately preceded the shooting and led up to it, the events during the shooting and those that immediately followed it may all form part of the same transaction which will directly affect the decision in the cases pending enquiry. If, as a matter of fact, shooting was unjustified, the people who assembled there were justified in assaulting the police and even in resorting to further violence. If, on the other hand, shooting was justified, there was absolutely no reason why the people who had collected there should have resorted to force. So then the different parts of the incident are inextricably mixed up with each other and it is impossible to separate the enquiries into different compartments.

**Mr. Speaker:** Next question please.

റേഷൻനെല്ലിൽ പതിര്.

* ൭. [ ൭ ] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(ഫ) റേഷൻനെല്ലിൽ ധാരാളം പതിരുള്ളതായി പരാതികൾ ഉണ്ടായിട്ടുണ്ടോ?

[ശ്രീ. ആർ. ഗംഗാധരൻ.]

(ബി) പതിരുകൂടാതെ വേണം നെല്ലെടുക്കാനെന്ന് നെല്ലെടുപ്പു ഉദ്യോഗസ്ഥന്മാക്കു നിർദ്ദേശം നൽകിയിട്ടുണ്ടോ ?

(സി) നെല്ലെടുപ്പ് ഉദ്യോഗസ്ഥന്മാർ നെല്ലിൽ പതിരു് ചേർത്തു വരുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ ?

(ഡി) എടുക്കുന്ന നെല്ല് കുത്തിച്ചു വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) പരാതികൾ ധാരാളം ഉണ്ടായിട്ടുണ്ട്.

(ബി) പതിരുകൂടാതെ വേണം നെല്ലെടുക്കാനെന്നു നെല്ലെടുപ്പുദ്യോഗസ്ഥന്മാർക്കു് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നെല്ലെടുപ്പുദ്യോഗസ്ഥന്മാർ നെല്ലിൽ പതിരു ചേർത്തുവരുന്നതായി പരാതികൾ ഉണ്ടായിട്ടില്ല.

(ഡി) എടുക്കുന്ന നെല്ല് കുത്തിച്ച് വിതരണം ചെയ്യേണ്ട കാര്യവും ആലോചനയിൽ ഇരിക്കുന്നുണ്ട്. പക്ഷെ ബഹുമാനപ്പെട്ട ചോദ്യകർത്താവിന്റെ പാർട്ടിയിൽപ്പെട്ട ഒരാളുടെ നേതൃത്വത്തിൽ അങ്ങനെ ചെയ്യരുതെന്നു ഒരു നിവേദനംകൂടി കിട്ടിയിട്ടുള്ളതുകൊണ്ട് ആ കാര്യം ആലോചനയിൽ ഇരിക്കയാണ്.

## Lift Irrigation.

※6. [6] **Shri K. Madhavan Unnithan**: Will the Chief Minister be pleased to state whether the Government have examined the possibilities of utilising the waters of the Sasthancotta Lake in the Kunnathur taluk for paddy cultivation under the lift irrigation project ?

*Chief Minister* (**Shri A. J. John**): Detailed investigation regarding the possibilities of utilising the waters of the Sasthancotta lake in the Kunnathur taluk for paddy cultivation under the lift irrigation, will be taken up soon. But it is reported that it may not be possible to utilise the water economically under lift irrigation scheme, as the lake is surrounded on almost all sides, except the bund-side, with steep hills. There was a proposal to extend electric line to West Kallada for dewatering the fields near Sasthancotta lake. Government have already sanctioned an estimate of Rs. 1,32,450 for electrical works and Rs. 22,000 for civil works and the work is nearing completion. But the question of introducing lift irrigation has not been considered in detail so far.

## Anti-Corruption Measures.

※7. [7] **Dr. M. Sivaraman Nair**: Will the Chief Minister be pleased to state:

(*a*) whether it is a fact that in spite of the anti-corruption measures corruption in services and public life is on the increase and

(*b*) that this condition seriously hampers the governmental work and puts the Government to ridicule ?

*Chief Minister* **(Shri A. J. John)** (*a*) Government do not have such information,

(*b*) Does not arise in view to answer to part (*a*).

**Community Projects.**

*8 [8] **Dr. M. Sivaraman Nair**: Will the Chief Minister be pleased to state whether there is any proposal for opening an additional centre for community project at Chengannur ?

*Chief Minister* **(Shri A. J. John)**: There is no such proposal

**Shri E. P. Varghese**: Is there any proposal to open a centre for community project at Shertala ?

**Shri A. J. John**: At present, there is no proposal.

എൻ. ജി. ഓ. മാക്ക് ആശ്വാസ നടപടികൾ.

*൯. [൯] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) എൻ. ജി. ഓ. മാരുടെയും ഗ്രാൻറസ്കൂൾ അദ്ധ്യാപകരുടെയും സന്താനങ്ങൾക്ക മദ്രാസ് ഗവണ്മെൻറ് സ്കൂൾ ഫീസ് സൌജന്യം നൽകുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഈ സൌജന്യം തിരുവിതാംകൂർ-കൊച്ചിയിൽ ഏർപ്പെടുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

(മുഖ്യമന്ത്രി) ശ്രീ. എ. ജെ. ജാൺ : (എ) അങ്ങനെ ഒരു വാർത്ത പത്രങ്ങളിൽ കണ്ടു.

(ബി) ആ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

കുററകരമായ ബുള്ളററിൻ.

*൧൦. [൧൦] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) അഖിലകൊച്ചി എൻ. ജി. ഓ. അസോസിയേഷൻ പ്രസിഡൻറ് മി. പി. കൃഷ്ണൻമേനോൻ ൧൯൫൪ മേയ് ൨-ാംനു പ്രസിദ്ധപ്പെടുത്തിയ ബുള്ളററിൻ നമ്പർ ൧ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൻെറ കീഴിൽ കൊച്ചി ഉദ്യോഗസ്ഥർ പ്രത്യേകമായി നിലകൊള്ളണമെന്ന് ഈ ബുള്ളററിനിൽ പറഞ്ഞിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ ?

(സി) ഈ ബുള്ളററിൻ പ്രസിദ്ധപ്പെടുത്തിയതിനു പ്രസിഡൻറിൻെറ മേൽ എന്തു നടപടിയാണു കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

(മുഖ്യമന്ത്രി) ശ്രീ. എ. ജെ. ജാൺ : (എ) ഉണ്ടു്.

(ബി) അറിയാം.

(സി) ആ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണു്. അനുയോജ്യമായ നടപടികൾ ഗവണ്മെൻറ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. കരുണാകരൻ : കോട്ടയത്തുവച്ചു കൂടിയ എൻ. ജി. ഓ. മാരുടെ സമ്മേളനത്തിൽ ചെറുതരത്തിലുള്ള കൈയ്ക്കൂലികൾ കുററകരമാക്കരുതെന്നു പ്രമേയം പാസ്സാക്കിയിട്ടുള്ളതായി അറിയാമോ ?

ശ്രീ എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

## പബ്ളിക്കു് സർവ്വീസ് ചട്ടം.

* ൧ ൧. [ ൧ ൧ ] കാമ്പിശ്ശേരിൽ കരുണാകരൻ : താഴെപറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ ?

(എ) സംസ്ഥാനത്തു് പബ്ളിക്കു് സർവ്വീസു് കമ്മീഷനു് സ്വന്തമായ നിയമനചട്ടം ഏർപ്പെടുത്തിയിട്ടുണ്ടോ ?

(ബി) ഇല്ലെങ്കിൽ ഇത്രകാലവും അതു് ഏർപ്പെടുത്താതെയിരിക്കുവാൻ കാരണമെന്തു്?

(മുഖ്യമന്ത്രി) ശ്രീ എ. ജെ. ജാൺ :

(എ) പബ്ളിക്കു് സർവ്വീസ് കമ്മീഷൻ താൽക്കാലികമായി മുൻ തിരുവിതാംകൂറിലേയും കൊച്ചിയിലേയും നിയമനചട്ടങ്ങളനുസരിച്ചാണു പ്രവൎത്തിച്ചുപോരുന്നതു്. ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു തയാറാക്കപ്പെട്ട ചട്ടങ്ങൾ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണു്.

(ബി) പബ്ളിക്കു് സർവ്വീസ് കമ്മീഷനുവേണ്ടിയുള്ള ചട്ടങ്ങൾ തയാറാക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ കാൺസ്റ്റിററ്യൂഷൻ ആക്റ്റ് പാസ്സാക്കുകയാൽ അതിലെ വ്യവസ്ഥയനുസരിച്ചു് ചട്ടങ്ങളിലെ വ്യവസ്ഥകൾ ഭേദപ്പെടുത്തേണ്ടിവരികയും ആക്റ്റിലെ ൧൬(൪)-ാംവകുപ്പിൻ പ്രകാരം പിന്നോക്ക സമുദായങ്ങൾക്കു് തിരിച്ചുവയ്ക്കേണ്ട ഉദ്യോഗങ്ങളുടെ ശതമാനത്തെപ്പററി ആലോചിക്കേണ്ടിവരികയും ചെയ്തതിനാലാണു് ചട്ടങ്ങൾ ഉണ്ടാക്കാൻ താമസം നേരിട്ടതു്. അതേപ്പററി ഒരു തീരുമാനമുണ്ടായാലുടനെ ചട്ടങ്ങൾ പരസ്യം ചെയ്യുന്നതാണു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഇനി എത്രകാലം വേണ്ടിവരുമെന്നാണു ഗവണ്മെൻറുദ്ദേശിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : വളരെ അടുത്തുതന്നെ ഉണ്ടാകും.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഭരണഘടനയിലെ ൩൨൦-ാം വകുപ്പിൻെറ തത്വത്തിനു വിരുദ്ധമായിട്ടു പല നിയമനങ്ങളും ഇവിടെ നടക്കുന്നു എന്നു പരാതിയുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു പബ്ളിക്ക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : അതു് പരസ്യപ്പെടുത്താൻ ഗവണ്മെൻറിനു ഭയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ : നിയമനങ്ങളെല്ലാം ഗസററിൽ പരസ്യപ്പെടുത്തുന്നുണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ : സ്വന്തമായി ചട്ടങ്ങളില്ലാത്ത പബ്ളിക്ക് സർവ്വീസ് കമ്മീഷനാണോ മററുള്ളവർക്കെല്ലാം നിയമനചട്ടങ്ങൾ നിർമ്മിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : മററുള്ളവരുടെ നിയമനചട്ടമല്ല നിർമ്മിക്കുന്നതു്.

ശ്രീ. എ. താണുപിള്ള : കൊച്ചിയിലെയും തിരുവിതാംകൂറിലെയും പബ്ളിക്ക് സർവ്വീസ് ചട്ടങ്ങൾ ഒരേ രീതിയിലുള്ളതാണോ ?

ശ്രീ. എ. ജെ. ജാൺ : അല്ല.

ശ്രീ. എ. താണുപിള്ള : അങ്ങനെയിരിക്കെ തിരുവിതാംകൂർ-കൊച്ചി സ്റ്റേററിനുവേണ്ടി റിക്രൂട്ടു ചെയ്യുമ്പോൾ എങ്ങനെയാണു് അവർ ഈ രണ്ടു ചട്ടങ്ങളും പാലിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : കൊച്ചി വേക്കൻസികളെല്ലാം കൊച്ചിയിലെ ചട്ടങ്ങളനുസരിച്ചും, തിരുവിതാംകൂർ വേക്കൻസികളെല്ലാം തിരുവിതാംകൂർ ചട്ടങ്ങളനുസരിച്ചും ഫില്ലപ്പു ചെയ്യും.

ശ്രീ. എ. താണുപിള്ള : തിരുവിതാംകൂറിനും കൊച്ചിക്കും കൂടിയുള്ള ഗസററഡ് ഉദ്യോഗങ്ങൾ ഏതു റൂളിനെ അടിസ്ഥാനപ്പെടുത്തിയാണു ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജാൺ : അതു് ഏകദേശം രണ്ടുംകൂടി നോക്കി ചെയ്യും.

ശ്രീ. ടി. കെ. ദിവാകരൻ : പിന്നോക്കസമുദായക്കാരുടെ പ്രാതിനിധ്യം നിശ്ചയിക്കുന്നതിനു് ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : നിയമിച്ചിട്ടുണ്ട്. അതിൻെറ താൽക്കാലിക റിപ്പോർട്ടു് കിട്ടിയിട്ടുണ്ട്. ഫൈനൽ റിപ്പോർട്ടു് കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ആ റിപ്പോർട്ടിൻെറ കാലതാമസം കൊണ്ടല്ലേ പല നിയമനങ്ങളും നടത്താതിരിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : ഓരോ ഗ്രേഡിലും എത്ര ഉദ്യോഗമുണ്ടെന്നെല്ലാം നോക്കുന്നതുകൊണ്ടു് കുറെയധികം താമസം വന്നു.

ശ്രീ. സി. അച്യുതമേനോൻ : സെൻട്രൽ ഗവണ്മെൻറിൻെറ പബ്ളിക്ക് സർവ്വീസ് കമ്മീഷനു് ഇപ്പോൾ ചട്ടങ്ങളുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. എ. താണുപിള്ള : ൧൯൫൦-ൽ നടത്തിയ ഒരു പരീക്ഷയുടെ ഫലം റിസൾട്ട് ഇല്ലാത്തതുകൊണ്ടോ മറ്റോ ഇതുവരെ പബ്ലിഷ് ചെയ്തിട്ടില്ല എന്നു പറയുന്നതു ശരിയാണോ ?

ശ്രീ. എ. ജെ. ജാൺ : എനിക്കു നിശ്ചയമില്ല. അതിനെപ്പറ്റി അന്വേഷിക്കാം.

## പത്രപ്രവർത്തക ക്ഷേമാന്വേഷണസമിതി.

※ ൧൨. [൧൨] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷൻവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ ?

കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പ്രസ്താവിച്ചതനുസരിച്ചു പത്രപ്രവർത്തകരുടെ സ്ഥിതിഗതികൾ അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുവാനുള്ള ഒരു കമ്മിറ്റി ഇതിനിടെ സംഘടിപ്പിക്കപ്പെടുകയുണ്ടായിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) : ഇതു സംബന്ധിച്ചുള്ള നടപടികൾ നടന്നുവരികയാണ്. കമ്മിറ്റിക്കുകൊടുക്കേണ്ട റഫറൻസു എന്തെല്ലാമാണെന്നു വർക്കിംഗ് ജേർണലിസ്റ്റ് അസോസിയേഷനോടു എഴുതി ചോദിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിൽ പ്രതിനിധികൾ ആരെല്ലാമുണ്ടായിരിക്കണമെന്ന് അഭിപ്രായപ്പെടുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും ഇതിലേക്കു ഒരു പ്രസ്സ് കമ്മിഷനെ നിയമിക്കുന്നതായി കിട്ടിയ അറിവിനെ അടിസ്ഥാനമാക്കി അതിന്റെ രൂപീകരണത്തിനുശേഷം ഈ കമ്മിറ്റി രൂപീകരിച്ചാൽപോരേ എന്നും, ഈ കമ്മിറ്റിയുടെ രൂപീകരണത്തിനു എന്തെല്ലാം ഉപാധികളാണ് ആവശ്യമെന്നും വർക്കിംഗ്ജേർണലിസ്റ്റ് അസോസിയേഷനോടു എഴുതി ചോദിച്ചിട്ടുണ്ട്. ഇതേ സംബന്ധിച്ച് ഇപ്പോൾ നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള : ഇതേ സംബന്ധിച്ചു ഇൻഡ്യാ ഗവണ്മെന്റിനോടു വല്ല റഫറൻസും ഈ ഗവണ്മെന്റ് ചോദിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഇല്ല.

ശ്രീ. സി. അച്യുതമേനോൻ : ഇൻഡ്യാഗവണ്മെന്റ നിയമിക്കുന്നതായ പ്രസ്സ് കമ്മിഷന്റെ പരിധി ഇവിടെ പാസ്സാക്കപ്പെട്ട പ്രമേയം അനുസരിച്ചുള്ള കമ്മിറ്റിയുടെ അന്വേഷണപരിധിയിൽനിന്നും വ്യത്യസ്തമാണെന്നും കുറച്ചുകൂടി വിപുലമാണെന്നുമുള്ള വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : കേന്ദ്രത്തിൽനിന്നും നിയമിക്കുന്ന കമ്മിഷന്റെ പരിധിയും വ്യാപ്തിയും എന്താണെന്നും മററുമുള്ള വിവരങ്ങൾ അറിഞ്ഞതിനുശേഷമേ അതു പറയുന്നതിനു നിവൃത്തിയുള്ളു. പക്ഷെ വിപുലമായിരിക്കാം. ഈ ഗവണ്മെന്റ ഇപ്പോൾ അതേപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നിയമിക്കണമെന്ന്

ഷിചാരിക്കുന്ന കമ്മിററിയുടെ പരിധിയെപ്പററിയുള്ള കാര്യങ്ങളും, കേന്ദ്ര ഗവണ്മെന്റു നിയമിക്കുന്ന പ്രസ്സ് കമ്മീഷനെ സംബന്ധിച്ചുള്ള കാര്യങ്ങളും ആലോചനാവിഷയമാക്കുന്നതാണ്.

## റേഷൻ വിതരണത്തിൽ ക്രമക്കേട്.

❋ ൧൩. [൧൩] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) റേഷൻ വിതരണത്തിൽ ക്രമക്കേടു കാണിച്ചുവെന്നുള്ള കാരണത്താൽ താലൂക്കധികൃതർ ലൈസൻസ് ക്യാൻസൽ ചെയ്തതിന്മേൽ ഗവണ്മെന്റിലേയ്ക്ക് അപ്പീൽ ബോധിപ്പിച്ച് ലൈസൻസ് തിരിയെ വാങ്ങിയിട്ടുള്ള റേഷൻ കടക്കാരുടെ എണ്ണം എത്ര ? (൧൧൨൭, ൧൧൨൮ ഈ കൊല്ലങ്ങളിൽ).

(ബി) അപ്രകാരമുള്ള കേസുകളിൽ ഈ സഭയിലെ അംഗങ്ങളായുള്ളവർ റേഷൻ കടക്കാർക്കുവേണ്ടി വക്കാലത്തു ഹാജരാക്കുകയുണ്ടായിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആരെല്ലാം ? എത്ര കേസുകൾക്ക് എന്നു വിശദമാക്കുമോ ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സിവിൽ സപ്ലൈസ് കമ്മിഷണർ ലൈസൻസ് ക്യാൻസൽ ചെയ്ത കച്ചവടക്കാരുടെ മൂന്നു ലൈസൻസുകൾ ൧൧൨൭-ാം ആണ്ട് ഗവണ്മെന്റു ഉത്തരവുപ്രകാരം തിരിയെ കൊടുത്തിട്ടുണ്ട്. ൧൧൨൮-ാം ആണ്ട് അങ്ങനെ ഉണ്ടായിട്ടില്ല.

(ബി) അപ്രകാരമുള്ള കേസുകളിൽ ഈ സഭയിലെ അംഗങ്ങളായിട്ടുള്ളവർ വക്കാലത്തു ഹാജരാക്കുകയുണ്ടായിട്ടില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ചിറയിൻകീഴ്താലൂക്കിൽ നിന്നും മൂന്നു റേഷൻ കച്ചവടക്കാരുടെ ലൈസൻസ് ക്യാൻസൽ ചെയ്ത കേസുകളിൽ ഈ സഭയിലെ ആരെങ്കിലും ശുപാർശ ചെയ്യാൻ വന്നിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കേസിലേയ്ക്ക് ശുപാർശയ്ക്കായി ഈ സഭയിൽനിന്നും ആരും വന്നിട്ടില്ല.

ശ്രീ. ഒ. സി. നൈനാൻ : അങ്ങനെ ഈ സഭയിലെ അംഗങ്ങൾ ആരെങ്കിലും വന്നിട്ടുണ്ടെങ്കിൽ അവർ ആരാണെന്നു പ്രസ്താവിക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നോട്ടീസു കൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഒ. സി. നൈനാൻ : ഇന്നത്തെ സഭയിൽ ഉള്ള അംഗങ്ങൾ ആരെങ്കിലും വക്കാലത്തു ഹാജരാക്കിയിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനും നോട്ടീസുവേണം.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : ഈ മാതിരി കേസുകളിൽ വക്കാലത്തു ഹാജരാക്കിയാൽ അവരുടെ വാദംകേൾക്കാതെ ഗവണ്മെൻറു തള്ളുന്ന പതിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചിലപ്പോൾ അങ്ങനെ പതിവുണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : അതു നിയമപ്രകാരം ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നിയമപ്രകാരം ശരിയല്ല.

ശ്രീ. ഇ. പി. വർഗ്ഗീസ് : ഈമാതിരികേസ്സുകൾ തീരുമാനിക്കുന്നതിന് ഗവണ്മെൻറ് എത്ര കാലമെടുക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു അഞ്ചു മിനിട്ടു മുതൽ എത്ര കാലം വേണമെങ്കിലും എടുക്കും.

ശ്രീ. ഇ. പി. വർഗ്ഗീസ് : റേഷൻ കടകളെ സംബന്ധിച്ചുള്ള കേസുകൾ തീരുമാനിക്കുന്നതിന് ഗവണ്മെൻറ് എത്ര കാലമെടുക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവശ്യമുള്ള സമയം മാത്രമാണ് ഗവണ്മെൻറ് എടുക്കുന്നതു്. ഈമാതിരി കേസുകൾ അങ്ങനെ തീരുമാനിക്കാതെ കിടപ്പില്ല.

## കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്.

* ൧൮. [൧൮] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ദയവായി അതു് വെളിപ്പെടുത്തുമോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നാളികേരം, വെളിച്ചെണ്ണ, കയർ, കയറുൽപ്പന്നങ്ങൾ, അടയ്ക്ക, പുൽത്തൈലം മുതലായ സാധനങ്ങളുടെ വില കഴിഞ്ഞ ഏതാനും മാസങ്ങളായി കുറഞ്ഞു വരികയാണ്. അവയിൽ മരച്ചീനിയുടെ വില അൽപ്പമായി വർദ്ധിച്ചിരിക്കയായിരുന്നു. എന്നാൽ മരച്ചീനിയൊഴിച്ചു മററു കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നകാര്യത്തിൽ ഈ ഗവണ്മെൻറിന് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. കേന്ദ്രഗവണ്മെൻറു മുഖാന്തിരമേ അതിനു സാദ്ധ്യതയുള്ളു. അതിലേയ്ക്കു് കേന്ദ്രഗവണ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ട്.

മരച്ചീനിയെ സംബന്ധിച്ചാണെങ്കിൽ ൧൯൫൨ ഏപ്രിൽ പത്താം തീയതി മരച്ചീനി കയററി അയയ്ക്കുന്നതിനുള്ള നിയന്ത്രണം നീക്കി. എന്നാൽ ജൂൺ ൧-ാം തീയതി മുതൽ അതിനു നിയന്ത്രണം ഏർപ്പെടുത്തി

യിട്ടുണ്ട്. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വില വർദ്ധിപ്പിക്കുന്നതിന് ഇൻഡ്യാ ഗവണ്മെന്റുമായി നടപടികൾ നടത്തിവരുന്നുണ്ട്.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഇതിന് ഉത്തരം ആവശ്യമില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: അടയ്ക്കയുടെ വില ഇടിയുന്നതിനും, ലോകവിപണികളും തമ്മിലുള്ള ബന്ധമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു തെററുപററിയതാണ്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അടയ്ക്കാ ലോകവിപണിയിൽ പോകുന്നതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ലോകവിപണികളിൽ കാണുകയും ചെയ്യും.

ശ്രീ. കെ. ജെ. താമസ്സ്: ഈ രാജ്യത്തുണ്ടാകുന്നതായ തേയിലയുടെ വിലയും ഇടിഞ്ഞുപോയിട്ടുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ജെ. താമസ്സ്: അതിലേയ്ക്ക് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കുന്നതിനായി ഈയിടെ ഒരു കമ്മിററി വിളിച്ചു കൂട്ടിയതിൽ പ്ലാൻറേഴ്സിന്റെ പ്രതിനിധികളുമുണ്ടായിരുന്നു. അപ്പോൾ അവർ അങ്ങനെയൊരു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. ആ വിഷയത്തെപ്പററി എന്തു ചെയ്യണമെന്നുള്ളതിനെപ്പററി ഈ ഗവണ്മെന്റിനെ അറിയിക്കുകയാണെങ്കിൽ ഇൻഡ്യാ ഗവണ്മെന്റുമായി വേണ്ട ശുപാർശകൾ ചെയ്യാമെന്നു അവരെ അറിയിക്കയും ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഈ ഓപ്പൺ ജനറൽ ലൈസൻസ് റദ്ദുചെയ്തിരിക്കെ സ്പെഷ്യൽ ലൈസൻസ് ഗവണ്മെൻറു നൽകുന്നതു മൂലമല്ലേ ലക്ഷക്കണക്കിനു വെളിയിൽനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതും വിലയിടിവുണ്ടാകുന്നതും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓപ്പൺ ജനറൽ ലൈസൻസ് റദ്ദുചെയ്തതുകൊണ്ടാണ് ഗവണ്മെൻറിനു സ്പെഷ്യൽ ലൈസൻസ് കൊടുക്കേണ്ടിവരുന്നതു്. അതു എത്ര കൊടുത്തിട്ടുണ്ടെന്നോ, ലക്ഷക്കണക്കിന് കൊടുത്തിട്ടുണ്ടെന്നോ ഈ ഗവണ്മെൻറിന്റെ അറിവിൽ പെട്ടിട്ടില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: ലോകവിപണിയെന്നു പറയുന്നതു് ആംഗ്ലോ അമേരിക്കൻ വിപണിയെ ഉദ്ദേശിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

ശ്രീ എം. എം. അബ്ദുൽഖാദർ : ഹാവന്നാ ചാർട്ടറിൽ എക്സ്പോർട്ടിനെ സംബന്ധിച്ച ഇൻഡ്യാ ഗവൺമെൻറിൽനിന്നും നിയമിച്ച കമ്മിററി ചെയ്തിട്ടുള്ള ശുപാർശ എന്താണെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഹാവന്നാ ചാർട്ടർ എന്താണെന്ന് പറഞ്ഞാൽ അറിയാം.

ശ്രീ. എൻ. രാജഗോപാലൻനായർ : ഇവിടത്തെ കാർഷികോൽപ്പന്നങ്ങൾക്ക് ഒരു ഫ്ളോർ പ്രൈസ് നിശ്ചയിക്കാൻ സാദ്ധ്യമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ഗവണ്മെൻറിന് നിശ്ചയിക്കാൻ സാദ്ധ്യമല്ല.

## സെയിൽസ് ടാക്സ്.

* ൧൫. [ ൧൫ ] ശ്രീ. പി. വി. അവിരാത്തരകൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ-കൊച്ചിയിൽ കൃഷിചെയ്യുന്ന അന്യനാട്ടുകാർ കച്ചവടം നടത്തുന്നതുമൂലം ഈ ഗവണ്മെൻറിന സെയിൽസ് ടാക്സ് ഈടാക്കവാൻ സാധിക്കാതെ വരുന്നുണ്ടോ?

(ബി) ടാക്സ് ഈടാക്കാൻ സാധിക്കാതെ വരുന്നെങ്കിൽ സെയിൽസ് ടാക്സ് ഈടാക്കുന്നതിന് എന്തെങ്കിലും നടപടി നടത്തുന്നതിന് ആലോചനയുണ്ടോ?

(സി) ഇവിടത്തെ ഏതെല്ലാം കാർഷികോൽപ്പന്നങ്ങളാണ് ഇപ്രകാരം സെയിൽസ് ടാക്സ് കൊടുക്കാതെ പുറത്തു പോകുന്നത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പ മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂർ-കൊച്ചിയിൽ കൃഷിചെയ്യുന്നതും അന്യനാട്ടുകാർ കച്ചവടം നടത്തുന്നതുമായ കാർഷികോൽപ്പന്നങ്ങൾ ചായ, കാപ്പി, സിങ്കോണ, ഏലം എന്നിവയ്ക്കെല്ലാം മാത്രമേ സെയിൽസ് ടാക്സുള്ളു. അതു വസൂലാക്കാൻ സാധിക്കുന്നുമുണ്ട്.

(ബി) ആൻറ് (സി) എ-യുടെ ഉത്തരത്തിൽനിന്നും ബി-ക്കും സി-ക്കും ഉത്തരം ഉദിക്കുന്നില്ല.

ശ്രീ. പി. വി. അവിരാത്തരകൻ : അവർ സ്വിററ്സർലണ്ടിലും മററം കച്ചവടംനടത്തുന്നതുമൂലം ഈ ഗവണ്മെൻറിന സെയിൽസ് ടാക്സിനത്തിലുള്ള ആദായം ലഭിക്കുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അന്യനാട്ടുകാർ കച്ചവടം നടത്തുന്നതുകൊണ്ട് ഇവിടെ സെയിൽസ് ടാക്സ് ഈടാക്കാതിരിക്കുന്നില്ല.

ശ്രീ. പി. വി. അവിരാത്തരകൻ : അന്യനാട്ടുകാർ ഇവിടെ കൃഷിചെയ്ത് അന്യനാട്ടിൽ കച്ചവടം നടത്തുന്നതുകൊണ്ട ഈ ഗവണ്മെൻറിൻെറ ആദായത്തെ അതു ബാധിക്കുന്നതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഒരു നിയമപ്രശ്നമാണു്. അതിനൊരു തീരുമാനമുണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്.

ശ്രീ. എൻ. രാജഗോപാലൻനായർ: വെളിയിൽപോകുന്ന നമ്മുടെ ഉൽപ്പന്നങ്ങൾക്കു് ൧൯൫൦ മുൻപു് സെയിൽസ് ടാക്സ് ഈടാക്കാമായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൦-ൽ കാൺസ്റ്റിറ്റ്യൂഷൻ നടപ്പിൽവന്നു. അതിനുമുൻപു് ആകാമായിരുന്നു.

ലാക്കപ്പുകൾ.

* ൧൬. [൧൬] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഒരു ജയിൽപ്പുള്ളിക്കു് കിടക്കുന്നതിനും വിശ്രമിക്കുന്നതിനും എത്ര ചതുരശ്ര അടിയാണു് അനുവദിച്ചിട്ടുള്ളതു്?

(ബി) ലാക്കപ്പുകളിൽ കിടക്കുന്ന തടവുകാർക്കു് എത്ര ചതുരശ്ര അടിവീതമാണു് അനുവദിച്ചിട്ടുള്ളതു്?

(സി) ലാക്കപ്പുകളിൽ തടവുകാർ താമസിക്കുന്ന മുറിയിൽത്തന്നെ മലമൂത്രവിസർജ്ജനം ചെയ്യുന്നതുകൊണ്ടു തടവുകാരുടെ ആരോഗ്യം കുറയുന്നതിനു കാരണമാകുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഒരു ജയിൽപുള്ളിയ്ക്കു് ൪൦ സൂപ്പർഫിഷ്യലും, ൬൦൦ ക്യൂബിക്കും അടിയോ, അഥവാ ൩൬ സൂപ്പർഫിഷ്യലും, ൬൪൮ ക്യൂബിക്കും അടിയോ സ്ഥലത്തിൽ കുറയാതെ അനുവദിക്കപ്പെടുന്നതാണു്. ഉപജയിലുകളുടെ പരിശോധനയും മേൽനോട്ടവും ഭരണവും സംബന്ധിച്ച ചട്ടങ്ങൾ ൫-ാം വകുപ്പു നോക്കുക.

(ബി) മേൽപ്പറഞ്ഞ ചട്ടം ലാക്കപ്പുകളിലെ ജയിൽപ്പുള്ളികൾക്കും ബാധകമാണു്.

(സി) ഇല്ല. ജയിൽപ്പുള്ളികൾ കിടക്കുന്ന മുറികളിൽതന്നെ മലമൂത്രവിസർജ്ജനം നടത്തുന്നതിനു് അനുവദിക്കുന്നില്ല. ലാക്കപ്പുകളിലുള്ളവരുടെ മലമൂത്രവിസർജ്ജനത്തിനുള്ള ഏർപ്പാടുകൾ വേണ്ടത്ര തൃപ്തികരമല്ല. ഈ ന്യൂനത പരിഹരിക്കുന്നതിനു് ആലോചിച്ചുവരികയാണു്.

ശ്രീ. പി. വി. അവിരാത്തരകൻ: കൂടുതൽ പുള്ളികളെ ലാക്കപ്പുകളിൽ സൂക്ഷിക്കുന്നതുകൊണ്ടു അവർക്കു പല അസൗകര്യങ്ങളും ഉണ്ടെന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ കിടത്തുന്നതു അസൗകര്യത്തിനു കാരണമാകുന്നതാണു്.

ശ്രീ. സി. അച്യുതമേനോൻ: ലാക്കപ്പുകളിൽ എത്രകാലം കിടന്നാലും അവർക്കു് ഒരൊററമുണ്ടിൽ കൂടുതൽ കൊടുക്കുന്നില്ലെന്നറിയാമോ,

ശ്രീ. ടി. എം. വർഗ്ഗീസ്: ലാക്കപ്പുകളിൽ വസ്ത്രത്തിനു വളരെ വിഷമമുണ്ടെന്നറിയാം. അതിനു പരിഹാരം ഉണ്ടാക്കിവരികയാണ്. ചിലപ്പോൾ സമയത്തിനു വസ്ത്രധാരണത്തിനു സൗകര്യം കൊടുത്തു എന്നു വരികയില്ല. അതെന്റെ അറിവിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഈ അടുത്തകാലത്തു ലാക്കപ്പുകൾ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വിയ്യൂർ സെൻട്രൽ ജയിലിൽ ലാക്കപ്പുകളിൽത്തന്നെ മലമൂത്രവിസർജ്ജനം നടത്തുന്നതായി അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതേസംബന്ധിച്ചു അന്വേഷിച്ചു സഭയെ അറിയിക്കാവുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: തടവുപുള്ളികളെക്കൊണ്ടു മൂത്രക്കലം ചുമപ്പിക്കുന്നതായി അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെയായിരിക്കാം. സാധാരണയായി ചില ലാക്കപ്പുകളിൽ തടവുകാർ കുടങ്ങളിൽ മൂത്രമൊഴിക്കുന്നതായി അറിയാം. അതു പോലീസുകാർ എടുത്തുമാററി എന്നു വരാൻ ഇടയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അതെടുത്തുകൊണ്ടുപോകുന്നതിനു സ്കാവഞ്ചേഴ്സിനെ വയ്ക്കരുതോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിനെല്ലാം പരിഹാരമാർഗ്ഗങ്ങൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. കഴിയുന്നതുംവേഗത്തിൽ വേണ്ടതു ചെയ്യുന്നതാണ്?

ശ്രീ. ടി. കെ. ദിവാകരൻ: കഴിഞ്ഞ നാലുകൊല്ലമായിട്ടു ഏതെങ്കിലും ലാക്കപ്പുകൾ പരിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പല ലാക്കപ്പുകളും പരിഷ്കരിച്ചിട്ടുണ്ട്.

*ஸ்ரீ. ஸி. சங்கர்: இந்த சமஸ்தானத்திலுள்ள 'லாக்கப்'புகளை பரிசீலனை செய்து அங்குள்ள நிலைமையை பற்றி ரிப்போர்ட் செய்யவும், அவைகளை அபிவிருத்தி செய்ய சிபார்சு செய்யவும் வேண்டி இந்த சபையிலுள்ள மெம்பர்கள் அடங்கிய ஒரு கமிட்டியை இச்சர்க்கார் ஏற்படுத்துமா?*

ശ്രീ. ടി. എം. വർഗ്ഗീസ്: അതു വേണമെന്നു ഗവണ്മെന്റിനു ബോദ്ധ്യംവന്നാൽ തീർച്ചയായും അങ്ങനെ ചെയ്യാം.

ശ്രീ. സി. അച്യുതമേനോൻ: തൃശ്ശൂർ ലാക്കപ്പിൽ ആഴ്ചയിൽ ഒരുദിവസംപോലും തടവുകാരെ കുളിക്കുന്നതിന് അനുവദിക്കുന്നില്ലെന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: തൃശ്ശൂർപോയി അന്വേഷിച്ചതിൽ അവർ അങ്ങനെയൊരു പരാതി പറഞ്ഞില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ : പല ലോക്കപ്പുകളിലും തടവുകാരെ വിജനസ്ഥലത്തുകൊണ്ടുപോയി മർദ്ദിച്ചുവരുന്നതായി അറിയാമോ?

**Mr. Speaker :** That question is disallowed.]

നെൽക്കൃഷിക്കാർക്ക് ബോണസ്സ്.

*൧൭. [൧൭] ശ്രീ. പി. വി. അവിരാത്തരകൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൧൧൨൬-നു ശേഷം ചേർത്തലതാലൂക്കിലെ കന്നിപ്പൂ നെൽക്കൃഷിക്കാർക്കു ബോണസ്സ് കൊടുത്തിട്ടുണ്ടോ?

(ബി) കൊടുത്തിട്ടുണ്ടെങ്കിൽ എത്ര? ഏതു കൊല്ലത്തിൽ?

(സി) കൊടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം?

(ഡി) ൧൧൨൬-നുശേഷം കുട്ടനാട്ടു കർഷകർക്കു ബോണസ്സ് ഏതെല്ലാം കൊല്ലങ്ങളിൽ കൊടുത്തിട്ടുണ്ട്?

(ഇ) കുട്ടനാട്ടു കർഷകർക്ക് കൊടുക്കുന്ന പമ്പിംഗ്, വളം മുതലായ ഏതെങ്കിലും സൗജന്യം ചേർത്തല കർഷകർക്കു കൊടുക്കുന്നുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചേർത്തലതാലൂക്കിലെ കന്നിപ്പൂ നെൽക്കൃഷിക്കാർക്കു പ്രത്യേകമായി ബോണസ്സൊന്നും കൊടുത്തിട്ടില്ല. സംസ്ഥാനത്തെ എല്ലാ കൃഷിക്കാർക്കും ബോണസ്സുകൊടുത്തിട്ടുള്ള കാലങ്ങളിൽ ചേർത്തലയിലെ കൃഷിക്കാർക്കു ബോണസ്സ് കൊടുത്തിട്ടുണ്ട്.

(ബി) ൧൧൨൪-നു മുൻപ് ഗവണ്മെന്റിലേക്ക് എടുത്ത നെല്ലിനു പറയൊന്നിന് ഒരുരൂപാപ്രകാരം ബോണസ്സ് കൊടുത്തിട്ടുണ്ട്. അതിനുശേഷം ൧൧൨൫-ൽ കുംഭപ്പൂവിനും കന്നിപ്പൂവിൽ ൧൧൨൬ അക്ടോബർമാസം ൨൫-ാംനു വരെയും യഥാർത്ഥ കൃഷിക്കാർക്ക്, ഈ ഗവണ്മെന്റിൽനിന്നും വിലയ്ക്കുവാങ്ങിച്ചിട്ടുള്ള നെല്ലിന് പറ ഒന്നുക്ക് നാലണവീതം വളം സബ്സിഡി കൊടുത്തിട്ടുണ്ട്.

(സി) എ, ബി ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ഇതു് ഉദിക്കുന്നില്ല.

(ഡി) ബി-ക്കുള്ള ഉത്തരത്തിൽ പറഞ്ഞപ്രകാരം ൧൧൨൪-ലും ൧൧൨൫-ലും കുട്ടനാട്ടിലെ കൃഷിക്കാർക്ക് ബോണസ്സ് കൊടുത്തിട്ടുണ്ട്.

(ഇ) കുട്ടനാട്ടിലെ കൃഷിക്കാർക്ക് കൊടുത്തതുപോലെതന്നെ തിരുവിതാംകൂർ-കൊച്ചിസംസ്ഥാനത്ത് എല്ലാ കൃഷിക്കാർക്കും വളം സബ്സിഡികൊടുത്തിട്ടുണ്ട്. എന്നാൽ കുട്ടനാട്ടിലെ കൃഷിക്കാർക്ക് കൊടുത്തുവരുന്ന പമ്പിംഗ്സൗജന്യം അവർക്കുമാത്രം അനുവദിച്ചിട്ടുള്ളതാണ്. അതു് ചേർത്തലയിലെ കൃഷിക്കാർക്ക് കൊടുക്കുന്നില്ല.

ശ്രീ. പി. വി. അവിരാത്തരകൻ : ചേർത്തലയിൽ അധികവും കന്നിപ്പൂ കൃഷിയാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയിരിക്കണം.

ശ്രീ. പി. വി. അവിരാത്തരകൻ: അവർക്കു് ഈ സബ്സിഡി കൊടുത്തുവരുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുത്തുവരുന്നുണ്ടു്. അതായതു് ആണ്ടിൽ ഒരിക്കൽമാത്രമേ അവർക്കു് ബോണസ്സ് കൊടുക്കാറുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എൻ ഒ എൽ കൃഷിക്കാർക്കു കൊടുത്തിട്ടുള്ള വളം സബ്സിഡി മടക്കികൊടുക്കണമെന്നു ആർഡർ ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിട്ടുണ്ടു്. പക്ഷെ അതു് പിന്നീടു ക്യാൻസൽ ചെയ്തു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അങ്ങനെ കൊടുക്കാത്തവരുടെ പേരിൽ നടപടി എടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതായാലും ആ ആർഡർ ക്യാൻസൽചെയ്തു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. വി. അവിരാത്തരകൻ: കന്നിപ്പൂവിലും കുംഭപ്പൂവിലും കൃഷിയുണ്ടായിരിക്കെ കുംഭപ്പൂവിനുമാത്രം സബ്സിഡി നൽകുകയും കന്നിപ്പൂവിനു് നൽകാതിരിക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് കന്നിപ്പൂവിനു ആ കാലത്തേക്കു് സബ്സിഡി കൊടുക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പഴയകാലത്തു് നടന്ന ഒരു കാര്യത്തിനു ഇപ്പോൾ സബ്സിഡികൊടുക്കാൻ നിവൃത്തിയില്ല.

*ஸ்ரீ. ஸி. சங்கர்: "யதார்த்த கிருஷிக்காரர்கள்" என்று சர்க்கார் யார் யாரை உத்தேசிக்கிறார்கள் ?*

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: യഥാർത്ഥ കൃഷിക്കാർ എന്നു ഗവമ്മെൻറു ഉദ്ദേശിക്കുന്നതു് യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവരെയാണു്.

ശ്രീ. സി. അച്യുതമേനോൻ: കുട്ടനാട്ടിലെ കൃഷിക്കാർക്കുമാത്രം പമ്പിംഗ് സൗജന്യം കൊടുക്കുന്നതിന്റെ കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് അവിടത്തെ പ്രത്യേക പരിതസ്ഥിതികൾമൂലമാണു്. അഗാധമായ കായലിൽനിന്നും വെള്ളം വററിക്കുക എളുപ്പമുള്ള ഒരു കാര്യമല്ല. വളരെ സാഹസംചെയ്താണു് അവിടെ കൃഷി നടത്തേണ്ടിയിരിക്കുന്നതു്. മുമ്പു് ഈ വിഷമങ്ങൾമൂലം അവിടെ രണ്ടു കൊല്ലത്തിൽ ഒരിക്കൽ മാത്രമേ കൃഷിനടന്നിരുന്നുള്ളു. എന്നാൽ അങ്ങനെ കൃഷിചെയ്താൽ പോരെന്നു ഗവമ്മെൻറു നിർദ്ദേശിച്ചതനുസരിച്ചും ഇപ്പോഴത്തെ ആവശ്യം അനുസരിച്ചും കൊല്ലംതോറും കൃഷിനടത്തിവരികയാണു്. വളരെ പ്രയാസമുള്ള കാര്യമാണു്

അവിടെ വെള്ളംവററിച്ചു് കൃഷിചെയ്യുന്നതു്. അവിടെ ഇങ്ങനെ പമ്പിംഗ്സൗജന്യം നടത്തിക്കൊടുത്തില്ലെങ്കിൽ അവിടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ പ്രയാസമാണു്.

ശ്രീ. സി. അച്യുതമേനോൻ: ഇതുപോലെതന്നെ സാഹസകൃതങ്ങൾ ചെയ്തു കൃഷി ഇറക്കുന്നതായ മററസ്ഥലങ്ങളും ഉണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പക്ഷെ താരതമ്യേന അവിടങ്ങളിലെ വിഷമം കുറവായിരിക്കും.

ശ്രീ. എം. ഗോപാലൻനായർ: വെള്ളായണിക്കായലിലും ആക്കുളം കായലിലും പമ്പിംഗ് സൗജന്യം അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടങ്ങളിൽ വളരെ അധികം സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. എം. ഗോപാലൻനായർ: അവിടെ പമ്പിംഗ് ശരിക്കു നടത്തീട്ടില്ലെന്നു പരാതിയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ ബോണസ്സിൽ അധികവും ജന്മിമാക്കാണു് ലഭിച്ചതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. കൃഷിക്കാക്കാണു് ലഭിച്ചതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: കൃഷിക്കാക്കല്ല ലഭിച്ചതെന്നു തെളിയിക്കുകയാണെങ്കിൽ,

**Mr. Speaker:** When an answer is given to a question, the Member is not expected to challenge that answer, but to accept it. Next question please.

പത്തുമല വെടിവയ്പ്പ്.

* ചോ. [൫൯] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) പത്തുമലതോട്ടത്തിൽ നടന്ന വെടിവയ്പിനിടയാക്കിയ പരിതഃസ്ഥിതികൾ എന്തെല്ലാം;

(ബി) വെടിയേററ എത്രപേർ മരിച്ചു; എത്രപേർക്കു് പരുക്കു് ഏററു;

(സി) ആ വെടിവയ്പു നീതീകരിക്കാൻ പാടില്ലാത്തതാണെന്നും തൻമൂലം ഒരു പരസ്യാന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു് ഇതിനകം എത്ര പരാതികളും പ്രമേയങ്ങളും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു്;

(ഡി) വെടിയേററു മരിച്ചവരുടെ കുടുംബാംഗങ്ങൾക്കു് എന്തു സഹായം ഗവണ്മെൻറ നൽകിയിട്ടുണ്ടു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഇതിനുള്ള മറുപടി നാലാംചോദ്യത്തിന് ഉത്തരമായി പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ ൩ ൦ - ൪ - ൫ ൨ -ൽ ഗവണ്മെൻറ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്സ്നോട്ടിലേക്ക് ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതു മേശപ്പുറത്തു വച്ചിട്ടുണ്ട്.*

(ബി) വെടിയേററ ൩ പേർ മരിച്ചു. ഒരാൾക്കു പരുക്കേററു.

(സി) അൻപതോളം പ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്.

(ഡി) ശ്രീ. പൊന്നയ്യായുടെ വിധവയായ അരുമയമ്മ എന്ന സ്ത്രീയ്ക്കു് ൨ ൫ ൦ രൂപയും മാധവൻെറ വിധവയായ പാപ്പി നാരായണിക്ക് ൧ ൫ ൦ രൂപയും അവശത സംഭവിച്ച കൃഷ്ണന് ൧ ൫ ൦ രൂപയും നൽകിയിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: പൊതുയോഗങ്ങളിൽ സി. ഐ. ഡി. റിപ്പോർട്ടറന്മാർ സംബന്ധിക്കാറുണ്ടല്ലോ, അവർ ഇതു മാതിരി യോഗങ്ങളിൽ പാസ്സാക്കിയ പ്രമേയങ്ങളെപ്പററി റിപ്പോർട്ടു ചെയ്തിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: പൊതുയോഗങ്ങളിൽ അവർ സംബന്ധിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ അവർ റിപ്പോർട്ടുചെയ്യും.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: അങ്ങനെയാണെങ്കിൽ ഈ അൻപതു പ്രമേയങ്ങളെപോലെ തന്നെ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും ഇതിനെസംബന്ധിച്ചു ധാരാളം പ്രമേയങ്ങൾ പാസാക്കിയിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെയില്ലെന്നാണ് അറിവ്.

ശ്രീ. എ. താണുപിള്ള: ഇവരെസംബന്ധിച്ച് രണ്ടു ക്രിമിനൽ കേസുകൾ ഉണ്ടെന്നു പറഞ്ഞു. അതിൻെറ സ്വഭാവം എന്താണ് ?

ശ്രീ. ടി. എം. വർഗ്ഗീസ്: കേസുകളിലൊന്ന്, ഈ സംഭവങ്ങൾ നടന്ന ൨ ൨ -ാം൹ കാലത്ത് എട്ടരമണിമുതൽ വൈകിട്ടു രണ്ടരമണിവരെ അവിടെ കൂടിയിരുന്ന മുന്നൂറോളം തൊഴിലാളികൾ ചെയ്തതും ചെയ്യുവാൻ ഉദ്യമിച്ചതുമായ ചില അക്രമപ്രവൃത്തികളെ സംബന്ധിച്ചുള്ളതാണ്. മറെറാന്ന് വെടിവയ്പുനടന്ന സമയത്തിനു അൽപ്പം മുമ്പും അതിനുപിമ്പും ഏകദേശം പന്ത്രണ്ടോളം പോലീസുകാരെ, അതായതു അവിടെ ഡ്യൂട്ടിക്കുപോയ പന്ത്രണ്ടോളം പോലീസുകാരെ കല്ലെറിയുകയും അവരെ മററു വിധത്തിൽ ഉപദ്രവിക്കുവാൻ ശ്രമിക്കുകയും അവരുടെ തോക്കു പിടിച്ചു പറിക്കുകയും ചെയ്തതിനെ സംബന്ധിച്ചാണ്. ഈ സംഭവങ്ങളെ തുടന്നാണ് വെടിവയ്പു നടന്നതു്

ശ്രീ. എ. താണുപിള്ള: ഈ സംഭവങ്ങളെപ്പററി ഒരു ജനറൽ എൻക്വയറി നടത്തുകയാണെങ്കിൽ അതിൻെറ അവസാനംവരെ ഈ ക്രിമിനൽകേസ്സുകൾ നിറുത്തിവയ്ക്കുവാൻ അനുവാദം നൽകാമോ ?

* Please See Appendix P. 100.

**Shri R. Kesava Pillai:** I raise a point of order. All these questions are answered in question No. 4. Members are repeating the very same questions: and is the Minister expected to answer them once again?

**Mr. Speaker:** First of all if the Minister undertakes the responsibility to answer the question, I cannot prevent him. Secondly, it is on a very different aspect. Therefore, the question now before the House is a relevant question.

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ ചെയ്യുന്നതല്ല ശരി. നേരെ മറിച്ച് വിചാരണ ഒട്ടുംതന്നെ താമസത്തിനിടയാകാതെ വേണമെങ്കിൽ അതിലേക്കു പ്രത്യേകം ഒരു ന്യായാധിപനെ നിയോഗിച്ച് കേസ് ശീഘ്രഗതിയിൽ നടത്തുകയാണ് ശരി. അല്ലെങ്കിൽ നിയമസമാധാനപാലനത്തിനു യോജിച്ചതല്ല.

ശ്രീ. എ. താണുപിള്ള: സർ, ഈ സംഭവങ്ങൾ സംബന്ധിച്ചു കാൺഗ്രസ്സ് ഒഴികെയുള്ള എല്ലാ സംഘടനകളും എല്ലാ രാഷ്ട്രീയകക്ഷികളും കാൺഗ്രസ്സിൽതന്നെ ഒരു നല്ലവിഭാഗവും ഇതു ഒരു പരസ്യാന്വേഷണത്തിനു വിധേയമാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നസ്ഥിതിക്ക് കേസുകളുടെ നടത്തിപ്പിനു കുറെ താമസിച്ചതുകൊണ്ട് എന്താണു വിരോധം? ഞാൻ പറയുന്നത് ജനങ്ങളുടെയിടയിൽ ഉണ്ടായിട്ടുള്ളതു തെററായ അഭിപ്രായമാണെങ്കിൽ അതു മാററുന്നതിനും അതല്ല, പോലീസുകാരാണ് തെററുചെയ്തതെങ്കിൽ അതു പരസ്യമാക്കുവാനും അങ്ങനെ ഗവൺമെൻറിനെപ്പററി ജനങ്ങളുടെയിടയിൽ ഒരു നല്ല അഭിപ്രായം ഉണ്ടാക്കുവാനും സാധിക്കുമെന്നിരിക്കെ അങ്ങനെ ചെയ്യുന്നതല്ലേ നല്ലതു എന്നാണ്. ഞാൻ ഇത് ഒരു സജഷനായിട്ടുകൂടി പറയുന്നതാണ്.

ശ്രീ. ടി. എം. വർഗ്ഗീസ്: ബഹുമാനപ്പെട്ട മെമ്പറുടെ സജഷൻ അദ്ദേഹം ഉദ്ദേശിച്ച അർത്ഥത്തിൽതന്നെ സ്വീകരിക്കുന്നുണ്ട്. പക്ഷെ അതനുസരിച്ചു പ്രവർത്തിക്കുവാൻ സ്വല്പം വൈഷമ്യങ്ങളുണ്ട്. അനേകം ആളുകളുടെ ജീവാപായത്തിനുപോലും ഇടനൽകത്തക്കവിധത്തിലും പൊതുസമാധാനം പാലിക്കുവാൻ നിർവ്വാഹമില്ലാത്ത വിധത്തിലും ഉണ്ടായിട്ടുള്ള അക്രമപ്രവൃത്തികളെ ഉത്തമവിശ്വാസത്തോടുകൂടി ഉത്തമബോദ്ധ്യത്തോടുകൂടി നേരിട്ട പോലീസുകാരെ പ്രതിക്കൂട്ടിൽ എന്നതുപോലുള്ള സ്ഥാനത്തു നിറുത്തിയും പരോക്ഷമായിട്ടെങ്കിലും ഒരു തെളിവുഭാരം അവരുടെ മേൽ ചുമത്തിയും പ്രത്യേകിച്ചും ഈ സംഭവത്തിൽ അന്തർഭവിച്ചിട്ടുള്ള സംഗതികളെ സംബന്ധിക്കുന്ന കേസ് വിചാരണ കോടതിയിൽ നിലവിലിരിക്കവെ അതേ സംഗതികൾ ഉൾക്കൊള്ളുന്ന ഒരു പരസ്യാന്വേഷണം നടത്തുന്നതു വിഹിതമാണോ എന്നു ചിന്തിക്കേണ്ടതാണ്. പരസ്യാന്വേഷണം വേണമെന്നാണ് തീരുമാനിക്കുന്നതെങ്കിൽ അതു സ്വല്പം താമസിച്ചാലും നടത്താവുന്നതാണ്. ഇപ്പോഴത്തെ സ്ഥിതിക്ക് പോലീസുകാർ ചെയ്തതു് ന്യായമാണെന്നും അങ്ങനെ ചെയ്യേണ്ടതു് അന്നത്തെ പരിതഃസ്ഥിതികളിൽ അത്യാവശ്യമായിരുന്നു എന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

ശ്രീ. എ. താണുപിള്ള : പോലീസുകാർ വെടിവച്ചതു് ന്യായമാണെന്നും അതു് ആവശ്യമായിരുന്നെന്നും ഗവണ്മെൻറുമാത്രമാണു് വിചാരിക്കുന്നതെന്നും എന്നാൽ രാജ്യത്തിലെ ജനങ്ങൾ മുഴുവനും അതു സ്വീകരിക്കുന്നില്ലെന്നും അറിയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: ജനബോദ്ധ്യത്തെപ്പററി ഗവണ്മെൻറിന്റെ അറിവു നേരെ മറിച്ചാണു്. എന്നാൽ ചില ആളുകൾ അതായതു്, ചില രാഷ്ട്രീയകക്ഷികൾ അവരുടെ താൽപ്പര്യത്തിനുവേണ്ടി ഇങ്ങനെ ആവശ്യപ്പെടുന്നു എന്നാണു് ഗവണ്മെൻറിന്റെ അറിവു്.

**Mr. Speaker :** Order, order. We had sufficient discussion about this question. We will proceed to the next question.

തൊഴിലില്ലായ്മ വേതനം.

* ൧൯. [൨ ൦] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) പുതിയ ഇൻഡ്യൻഭരണഘടന നടപ്പായതിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും തൊഴിൽശാലയിലെ തൊഴിലാളികൾക്കു് കമ്പനി പൂട്ടിയിട്ട ഘട്ടത്തിൽ എന്തെങ്കിലും തൊഴിലില്ലായ്മ വേതനം കൊടുപ്പിക്കുവാൻ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ഫാക്ടറികളിലാണു് ഇതു കൊടുപ്പിച്ചിട്ടുള്ളതു് ; എന്തു വീതം കൊടുപ്പിച്ചു ;

(ബി) ൧൧൨൦, ൧൧൨൭ എന്നീ കൊല്ലങ്ങളിൽ ഫാക്ടറി നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട എത്ര ഫാക്ടറികൾ എത്ര കാലത്തേക്കു് പൂട്ടിയിട്ടു ; എത്ര തൊഴിലാളികൾ വേലയില്ലാതായിട്ടുണ്ടു് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. വിവരങ്ങൾ പറയാം:

എഫ്. എ. സി. ററി. ലിമിററഡ്, ആലുവാ.
ടാററാ ആയിൽമിൽസ്, എറണാകുളം.
അശോകാ ടെക്സ്റ്റയിൽസ്, ആലുവാ.
ഹെർബർട്ട് സാ മിൽസ്, ചാലക്കുടി.
സാ മിൽസ് ആൻറ ഇൻഡസ്ട്രീസ്, തൃശ്ശൂർ.
സീതാറാം സ്പിന്നിംഗ് ആൻറ് വീവിംഗ്മിൽ, തൃശ്ശൂർ.
അളകപ്പാ ടെക്സ്റ്റയിൽസ്, ആമ്പല്ലൂർ.
കൊച്ചിൻ പോട്ടറീസ്, ചാലക്കുടി.

ഇത്രയും ഫാക്ടറികളിലെങ്കിലും ഫാക്ടറി അടച്ചുപൂട്ടിയിട്ടിരുന്നകാലത്തു് തൊഴിലാളികൾക്കു് വേതനം നൽകുവാൻ സാധിച്ചിട്ടുണ്ടു്. മററു ചില ഫാക്ടറികൾകൂടി ഉണ്ടു്. അവയിലെ വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ബി) വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണു്.

## WRITTEN ANSWERS.

### സെയിൽസ് ടാക്സ്.

*൨൦. [൨൯] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടിപറയുമോ?

(എ) കൊപ്രായ്ക്കു് എത്രപോയിൻറുകളിൽ സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ട്;

(ബി) കൊപ്രായ്ക്കു് പല പോയിൻറുകളിൽ സെയിൽസ് ടാക്സ് ഈടാക്കുന്നതായി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടു്.
(ബി) ഇല്ല.

### F. A. C. T. Employees Association.

*21 [30] **Shri. M. M. Abdul Khader:** Will the Minister for Industries be pleased to state:

If the attention of the Government has been drawn to a recent publication of the F. A. C. T. Employees Association at Eloor giving alarming details about the state of that industry?

*Minister for Finance and Civil supplies* **(Shri Panampilli Govinda Menon):** Yes.

### Lathi Charge at Alwaye.

*22 [31] **Shri M. M. Abdul Khader:** Will the Minister for Law and Order be pleased to state:

(*a*) whether there was a lathi charge on the workers of the Standard Pottery Works, Ltd., Alwaye, the assault on a railway passenger and the beating up of the Vice-President of the Ogale Glass Factory Workers Union by the Local and reserve police under the local Circle and Sub Inspectors of Police on the 21st April last;

(*b*) whether the Government received representations regarding the above incidents demanding a non-official enquiry and punishment of the guilty officers;

(*c*) whether the Government has taken any steps in furtherance of the above; if so what steps and if not for what reasons?

*Minister for Home Affairs* **(Shri T. M. Varghese):** (*a*) No;

(*b*) resolutions etc. demanding a non-official enquiry into certain allegations of assaults etc., against the Alwaye Police have been received by Government;

(*c*) the allegations were enquired into and found baseless. Hence no non-official enquiry was considered necessary.

## സെക്രട്ടറിയേററിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ.

❋ ൨൩. [൩൩] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടിപറയുമോ?

സെക്രട്ടറിയേററിൽ പുതുതായി ഈ കൊല്ലം എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ): താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| | അഡിഷണൽ സെക്രട്ടറി (ചീഫ് സെക്രട്ടറിയേററ്) | ൧. |
| | അഡീഷണൽ സെക്രട്ടറി (ഡവലപ്പുമെൻറ ഡിപ്പാർട്ടുമെൻറ്) | ൧. |
| പ്ലാനിംഗ് സെക്ഷൻ | സൂപ്രണ്ട് | ൧. |
| | ഫസ്ററ്ഗ്രേഡ് ക്ലാർക്ക് | ൧. |
| | സെക്കൻറ് ഗ്രേഡ് ക്ലാർക്ക് | ൨. |
| | തേഡ്ഗ്രേഡ് ക്ലാർക്ക് | ൨. |
| | ടൈപ്പിസ്ററ ൭൦–൧൦൦ | ൧. |
| | ടി ൪൫–൭൫ | ൧. |

## റേഷൻ വിതരണം.

❋ ൨൪. [൩൭] ശ്രീ. ഒ. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവല്ലാ, കല്ലൂപ്പാറ മുതലായ സ്ഥലങ്ങളിൽ മേയ്, ജൂൺ, മാസങ്ങളിൽ വിതരണംചെയ്ത റേഷൻനെല്ലിൽ വളരെ കൂടുതൽ ശതമാനം (ഇരുപതുശതമാനംവരെ) പതിരായിരുന്നു എന്നുള്ള വിവരം അധികാരികളുടെ ദൃഷ്ടിയിൽ വന്നിട്ടുണ്ടോ? അതേപ്പററി പരാതി കിട്ടിയിട്ടുണ്ടോ?

(ബി) റേഷൻ വാങ്ങുന്നതിൽ ഗോതമ്പുകൂടി നിർബ്ബന്ധമായി വാങ്ങണമെന്നു പറയുന്നതിൻെറ കാരണമെന്ത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഇല്ല.

(ബി) ഈ സംസ്ഥാനത്തിലേക്ക് അനുവദിക്കുന്ന ഭക്ഷ്യധാന്യ കോട്ടായുടെ ഒരംശം ഗോതമ്പായേ ലഭിക്കുകയുള്ളു എന്നു നിർബ്ബന്ധമുള്ളതുകൊണ്ട്.

ട്രാവൻകൂർ-കൊച്ചിൻന്യൂസ്.

※ ൨൫. [൩൪] ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) സംസ്ഥാനത്തെ വായനശാലകൾക്ക് ട്രാവൻകൂർ-കൊച്ചിൻ ന്യൂസ് സൌജന്യമായി നൽകാൻ ഗ്രന്ഥശാലാസംഘം അഭ്യർത്ഥിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുത്തു?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വായനശാലകൾക്കും ട്രാവൻകൂർ-കൊച്ചിൻ ന്യൂസ് സൗജന്യമായി നൽകുന്നുണ്ട്.

റേഷൻ കാർഡുകൾ.

※ ൨൬. [൪൦] ശ്രീ. പി. സദാശിവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ഇപ്പോൾ ആകെ എത്ര ഭക്ഷ്യധാന്യവിതരണ റേഷൻകാർഡുകൾ നിലവിലുണ്ട്?

(ബി) ഈ റേഷൻകാർഡുകൾപ്രകാരം മൊത്തം എത്ര യൂണിററുകൾ വിതരണം ചെയ്യേണ്ടതായിട്ടുണ്ട്?

(സി) ഇപ്പോൾ നിലവിലുള്ള കാർഡുകൾ ഏർപ്പെടുത്തുന്നതിനു മുമ്പ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

(ഡി) കാർഡുകൾ ഏർപ്പെടുത്തിയതിനുശേഷം അവ എന്തെങ്കിലും ചെക്കുചെയ്തിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൬,൯൪,൦൬൫ റേഷൻകാർഡ്

(ബി) ൧,൮൯,൬൭,൬൮൯ യൂണിററുകൾ.

(സി) എന്യൂമറേഷൻ നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

**Community Projects.**

※ 27. [42] **Shri Ambat Eachara Menon**: Will the Minister for General Administration be pleased to state: Why has the Government left out Chittur when the places selected for Community Projects were chosen?

*Chief Minister* (**Shri A. J. John**): Because the areas selected (Neyyattinkara-Vilavancode and Kunnathunad-Chalakudy) were considered to be better fitted.

### മരച്ചീനിയുടെ നിയന്ത്രണം.

❋ ൨൮. [൪൪] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ?

(എ) മരച്ചീനിയുടെ നിയന്ത്രണം നീക്കിയതുകൊണ്ടു അതിന്റെ വില കൂടിയിട്ടുണ്ടോ?

(ബി) നിയന്ത്രണം നീക്കിയതുനിമിത്തം മരച്ചീനി സംസ്ഥാനത്തിനു വെളിയിൽ പോയതായി ഗവണ്മെന്റിന് അറിവുണ്ടോ?

(സി) ഉണ്ടെങ്കിൽ എന്തുമാത്രം?

(ഡി) ഗവണ്മെന്റ് ഈ നിയന്ത്രണം ഇനിയും തുടരണമെന്നാണോ ഗവണ്മെന്റ് നയം?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അല്പം കൂടിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അനിയന്ത്രിതമായി കയററുമതി അനുവദിച്ചിരുന്നതുകൊണ്ട് എത്രമാത്രം സംസ്ഥാനത്തിനുവെളിയിൽ പോയിട്ടുണ്ടെന്ന് കണക്കെടുത്തിട്ടില്ല.

(ഡി) സാധാരണയായി മഴക്കാലമായ മിഥുനം കർക്കടകമാസങ്ങളിൽ ഭക്ഷ്യനില അതൃപ്തികരമായതുകൊണ്ട് സംസ്ഥാനത്തെ മരച്ചീനി മുഴുവനും ഇവിടെത്തന്നെ ആവശ്യമെന്ന് ഗവണ്മെന്റിന് തോന്നിയിട്ടാണ് നിയന്ത്രണം ജൂൺമാസംമുതൽ വീണ്ടും ഏർപ്പെടുത്തിയതു്. ഈ നിയന്ത്രണം തുടരണമോ വേണ്ടയോ എന്നതു് ഗവണ്മെന്റ് പിന്നീട് ആലോചിക്കുന്നതാണ്.

### Integration of Services:

❋ 29 [46] **Shri N. P. Varghese:** Will the Chief Minister be pleased to state:

(*a*) whether the integration of the Education Department of the erstwhile Travancore and Cochin States has progressed; how far;

(*b*) whether the principles for it have been enunciated;

(*c*) whether the pay of the Primary and Middle School teachers in the Travancore area will be raised to the pay of those in the Cochin area; and

(*d*) when is the integration expected to come into effect?

*Chief Minister* (**Shri A. J. John**):

(*a*) the proposals for the re-organisation of the Education Department have been made and the matter is under consideration of Government.

(*b*) general principles have been issued in regard to the integration of the clerical staff of the Department. The question of framing rules for the teaching staff is under consideration.

(*c*) The matter is under consideration.

(*d*) the integration will be completed as early as practicable.

**Fair Price Depots.**

✽ 30 [48] **Shri N. P. Varghese :** Will the Minister for Finance be pleased to state :

(*a*) whether there are Government Fair Price Depots for foodgrains in the State; and

(*b*) if so, their number in each Division ?

*Minister for Finance and Civil Supplies* (**Shri Panampilli Govinda Menon**) :

(*a*) No.

(*b*) in view of the answer to (a) above, this question does not arise.

**Lift Irrigation.**

31 [52] **Shri M. William :** Will the Chief Minister be pleased to state :

(*a*) whether the revised estimate for the Vilathara lift irrigation scheme has been prepared ;

(*b*) if so, what is the estimate ;

(*c*) whether the electrical part of the scheme has been worked and completed :

(*d*) whether the civil work has been started ; if not, what is the reason for the delay ; and

(*e*) are the Government aware of the fact that it is a drought relief scheme ?

*Chief Minister* (**Shri A. J. John**) :

(*a*) Yes.

(*b*) the estimate is for Rs. 5·7 lakhs.

(*c*) the line extension work has almost been completed.

(*d*) No. The revised estimate is being scrutinised by Government.

(*e*) Yes.

**ആററിങ്ങൽ മജിസ്ട്രേട്ടുകോടതി.**

✽ ൩൨. [൭൮] ഡാക്ടർ എൻ. എസ്സ്. പിള്ള : താഴെ കാണുന്ന ചോദ്യത്തിനു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

ആററിങ്ങൽ മജിസ്ട്രേട്ടുകോർട്ടിൽ കഴിഞ്ഞ ഒരു മാസത്തിൽ കൂടുതലായി ഒരു മജിസ്ട്രേട്ടിന്റെ അഭാവംനിമിത്തം പൊതുജനങ്ങൾ ഒട്ടധികം ബുദ്ധിമുട്ടുന്നതായി ഗവൺമെന്റിന്റെ അറിവിൽപ്പെട്ടിട്ടുണ്ടോ ? ഇത്രയുംനാൾ ആററിങ്ങൽ ഒരു മജിസ്ട്രേട്ട് ഇല്ലാതിരിക്കുന്നതിനുള്ള കാരണമെന്ത്? ഈ സ്ഥിതി എത്ര കാലം തുടരും?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) അറിയാം. ആററിങ്ങൽ മജിസ്ട്രേട്ടായി നിയമിച്ച ശ്രീ. കെ. കെ. രങ്കനാഥ അയ്യർ ജോലിയിൽ പ്രവേശിക്കാതെ അവധിക്കപേക്ഷിച്ചു. പക്ഷേ ഈ വിവരത്തിനെപ്പററി ഗവണ്മെന്റിന് വളരെ താമസിച്ചേ അറിവു ലഭിച്ചുള്ളു. ഇപ്പോൾ ശ്രീ. വി. ദേവരാജയ്യരെ ആററിങ്ങൽ മജിസ്ട്രേട്ടായി നിയമിച്ചിട്ടുണ്ട്.

### കടിസ്ഥിക കേസ്സുകൾ.

* ൩൩. [൭൩] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ?

സാധാരണ സിവിലും ക്രിമിനലും കോർട്ടുകളിലെ ജോലിസമയം നിശ്ചയപ്പെടുത്തിയിട്ടുണ്ടോ? നിശ്ചിതസമയത്തിന് മേൽപ്പടി കോടതികളിലെ പ്രധാന ഉദ്യോഗസ്ഥന്മാർ ഹാജരാകുക പതിവുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): ഉണ്ട്; രാവിലെ ൧൧ മണി മുതൽ വൈകുന്നേരം അഞ്ചു മണിവരെ ഉണ്ട്.

### Scarcity of Cement.

*34. [60] **Shri Ambat Eachara Menon:** Will the Minister for Controls be pleased to state:

(a) have the Government received any complaint from the public regarding the scarcity of cement for private use;

(b) is the price of cement produced in the State higher than that of the Madukarai cement; and

(c) is the cement produced here sufficient to meet the needs of the P. W. D. works?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):**

(a) No.
(b) Yes.
(c) Yes.

### പന്മല വെടിവെയ്പ്.

* ൩൫. [൩൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പന്മല എസ്റ്റേറ്റിലെ വെടിവെയ്പിന്റെ ഫലമായി എത്ര ആളുകൾ മരിച്ചിട്ടുണ്ട്; എത്ര ആളുകൾക്ക് മുറിവു പററി;

(ബി) മുറിവുപററിയവരിൽ വല്ലവരും പിന്നീട് മരിച്ചിട്ടുണ്ടോ;

(സി) ഈ വെടിവെയ്പിനെ സംബന്ധിച്ച് ഒരു പരസ്യാന്വേഷണം നടത്താൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്സ്):

(എ) മൂന്നു പേർ മരിച്ചു.

(ബി) മരിച്ച ൩ പേരിൽ രണ്ടു പേർ വെടിവയ്പിനുശേഷമാണ് മരിച്ചതു്.

(സി) ഇല്ല. സമാധാനലംഘനമുണ്ടാക്കിയ തൊഴിലാളികളുടെ നേരെ നടത്തിയ വെടിവയ്പ് അനിവാര്യമായിരുന്നു എന്നു് ഗവൺമെൻറിന് ബോദ്ധ്യം വന്നു.

## ശബരിമലക്ഷേത്രം തീവച്ചതിനെ സംബന്ധിച്ച റിപ്പോർട്ടു്.

❊ ൩൯. [൬൭] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ?

ശബരിമലക്ഷേത്രം തീവച്ചതിനെ സംബന്ധിച്ച് കേശവമേനോൻ സമർപ്പിച്ച റിപ്പോർട്ടു് ഇതുവരെ ഒരു രഹസ്യമായി വച്ചിരിക്കുന്നതിന്റെ കാരണമെന്തു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്സ്):

എല്ലാ പോലീസ് റിപ്പോർട്ടുകളും അതിന്മേൽ പ്രത്യേക നടപടികൾ എടുക്കുന്നതുവരെ രഹസ്യമായിരിക്കുന്നതാണു്.

## സർവ്വീസ് സംയോജനം

❊ ൩൧. [൬൮] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

സർവ്വീസ് സംയോജനം സംബന്ധിച്ച കേന്ദ്രഗവൺമെന്റ വല്ല നിർദ്ദേശവും ഈ ഗവൺമെന്റിന് തിരികെ അയച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഉണ്ടു്.

## ഇരുമ്പു വിതരണം.

❊ ൩൨. [൭൦] ശ്രീ. എം. ഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ കപ്പമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൧൯൫൦, ൫൧ ഈ രണ്ടാണ്ടുകളിൽ കർഷകരുടെ ആവശ്യത്തിന് എത്ര ടൺ ഇരുമ്പു നീക്കിവച്ചിരുന്നു?

(ബി) എത്ര ടൺ ചെലവായി?

(സി) ബാക്കിയുണ്ടെങ്കിൽ എന്തു ചെയ്തു?

(ഡി) ഇതിൽനിന്നും കോവളത്തു് ഒരു തീയേറ്റർ കെട്ടുവാൻ ഇരുമ്പു അലോട്ടു ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ൮൨൪ ടൺ ൧൩ cwts.

(ബി) ൫൧൩ ടൺ ൧൩ cwts.

(സി) ൧൯൫൨-ൽ വിതരണത്തിനായി നീക്കിവയ്ക്കപ്പെട്ടു.

(ഡി) അഗ്രിക്കൾച്ചറൽ കോട്ടയിൽനിന്നും നേരിട്ട് ഈ ആവശ്യത്തിലേയ്ക്കു് ഇരുമ്പു കൊടുത്തിട്ടില്ല. എന്നാൽ കൺട്രോൾഡ് കമ്മോഡിറ്റീസ് ഡിപ്പാർട്ടുമെൻറിലേയ്ക്കു് ഈ ആവശ്യത്തിനായി ൩ ടൺ ൫ cwts. ഇരുമ്പ് വാങ്ങു കൊടുത്തിട്ടുണ്ടു്.

ഉദ്യോഗസ്ഥന്മാർക്കു് ടീ പാർട്ടി.

※ ൩൯. [൭൨] ശ്രീ. എം. ഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സെക്രട്ടറിയേററ് ഉദ്യോഗസ്ഥന്മാർക്ക് ൬-൩-൫൨-ൽ മന്ത്രിമാർ നടത്തിയ ചായസൽക്കാരത്തിനു എത്ര രൂപ ചെലവായി;

(ബി) ഈ തുക ആരു ചെലവാക്കി;

(സി) Catering Guest House-ൽനിന്നും ആയിരുന്നോ;

(ഡി) അതു് ഗവണ്മെൻറു ചെലവിൽ കണക്കെഴുതിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) രൂപ ൧൫൪ ണ-൬

(ബി) മന്ത്രിമാർ ചെലവാക്കി.

(സി) ആയിരുന്നു

(ഡി) ഇല്ല.

## Scales of Pay.

※ 40. [73] **Shri T. S. Ramaswami**: Will the Minister for General Administration and Integration Problems be pleased to state:

(*a*) whether there is a difference in the scales of pay between the Travancore and Cochin Section of the services in the lower clerical group;

(*b*) if so, what; and

(*c*) why this discrimination?

*Chief Minister* (**Shri A. J. John**):

(*a*) Yes. In some Departments.

(*b*) While in Travancore Section the lower clerical grades are Rs. 45—75 and Rs. 30—45, in Cochin Section the grade is Rs. 30—75.

(*c*) This is due to the fact that the reorganisation has not been sanctioned in all Departments.

## Pay of Teachers.

✻41. [74] **Shri T. S. Ramaswami**: Will the Minister for Education be pleased to state :

(*a*) Is it a fact that more than ten thousand Primary School teachers in the Travancore section of the services are still receiving a basic pay of Rs. 25 while their co-teachers of the Cochin section get a scale of Rs. 30-50, and

(*b*) Has the Government any proposal to stop this discrimination in the scales of pay between the same category of Government employees ?

*Chief Minister* **(Shri A. J. John:**

(*a*) Yes.

(*b*) This matter is under consideration.

## Constables.

✻42. [75] **Shri T. S. Ramaswami**: Will the Home Minister be pleased to state :

(*a*) whether it is a fact that the lowest class, *i. e.*, IV class of constables exist in the Travancore Section alone and that in the Cochin Section the lowest class is the III class drawing a higher pay; and

(*b*) if so, why?

*Minister for Home Affairs* **(Shri T. M. Varghese)**:

(*a*) It is not a fact that the lowest class *i. e.*, IV class Constables exist in the Travancore section alone. There are 4th class constables in the Cochin Section also drawing the same rate of pay and allowances as the 4th class Police Constables of the Travancore Section.

(*b*) Does not arise in view of the answer to (a).

## Bonemeal.

✻43. [76] **Shri R. Kesava Pillai**: Will the Minister for Agriculture be pleased to state :

(*a*) Whether there is any factory in the State where bonemeal is manufactured ;

(*b*) The quantity of bonemeal imported into the State during the year 1950-51, 52 respectively?

*Chief Minister* **(Shri A. J. John)** : (*a*) In this State Bonemeal is manufactured on a very small scale by the following concerns :—

(1) The Malabar Fertilisers and Industries Ltd., Chingavanom, Kottayam ;

(2) The Kuppapuram Manures and Chemicals, Kottayam ;

(3) The Cochin Fertilisers Ltd., Trichur ;

(*b*) During the year 1950-51, 3,301 tons of bonemeal were imported by the Department of Agriculture for sale to cultivators of this State. 2,836 tons were imported during 1951-52.

### റേഷൻകാർഡ്.

*൪൪. [൯൦] ശ്രീ. ററി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഫുഡ്ഡും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഭക്ഷ്യധാന്യവിതരണത്തിനുള്ള റേഷൻകാർഡ് നൽകുന്നതിന് സെൻസസ് എടുത്തിട്ട് എത്ര വർഷങ്ങളായി?

(ബി) റേഷനിംഗ്സെൻസസ് എടുത്തതിനുശേഷം മരിച്ചിട്ടുള്ളവരുടെ റേഷൻ നിറുത്തലാക്കിയിട്ടുണ്ടോ?

(സി) വീണ്ടും ഒരു സെൻസസ് എടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂർ സംസ്ഥാനത്ത് ൧൧൨൩–ലും, കൊച്ചി സംസ്ഥാനത്ത് ൧൧൨൧ ലും ആണ് സെൻസസ് എടുത്തിട്ടുള്ളത്.

(ബി) റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളിൽ ആരെങ്കിലും മരിച്ചിട്ടുള്ള വിവരം അറിവുകിട്ടുന്ന മുറയ്ക്ക് അവരുടെ റേഷൻ കുറവുചെയ്യാറുണ്ട്.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

### കൺട്രോൾ.

*൪൫. [൯൧] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മദ്രാസ് സംസ്ഥാനത്തിൽ ഭക്ഷ്യധാന്യകൺട്രോൾ നിറുത്തൽ ചെയ്തതിനെ തുടർന്ന് ഈ സംസ്ഥാനത്തിലും കൺട്രോൾ നിറുത്തൽ ചെയ്യാൻ ഗവണ്മെൻറ് ആലോചിച്ചുവരുന്നുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇല്ല.

### Article 371 of the Indian Constitution.

*46. [92] **Shri K. Bhanu**: Will the Chief Minister be pleased to state:

(a) whether the Government have made representations to the Central Government asking for exemption of Travancore-Cochin from the operation of Article 371 of the Indian Constitution; and

(b) if so, what is the result of such representations?

*Chief Minister* **(Shri A. J. John)** :

(a) Yes.

(b) The final decision of the Government of India has not yet been received.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ പരാതി.

*൪൧. [൯൬] ശ്രീ. കെ. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൩ ജനുവരിമുതൽ മേയ് ൩൧-ാംതീയതിവരെ നമ്മുടെ സംസ്ഥാനത്തു് പോലീസ് ഉദ്യോഗസ്ഥന്മാരെപ്പററി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ബി) അവയിൽ ഏതെല്ലാം അന്വേഷണത്തിനു് വിധേയമായിട്ടുണ്ടു്;

(സി) എത്രപേരുടെ മേൽ ശിക്ഷണനടപടി നടത്തിയിട്ടുണ്ടു്?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ൮൦൬
(ബി) ൧൫൮
(സി) ൨൨

## UNSTARRED QUESTIONS

### N. G. O. Association of Cochin.

1. [1] **Shri P. S. Nataraja Pillai:** Will the Minister for General Administration be pleased to state :

(a) whether the resolution and appeal published by the Managing Council of the N. G. O. Association of Cochin, calling on its members to resist the proposals for integration of services and to shed their last drop of blood for this cause has come to the notice of Government ;

(b) if so, whether service rules permit Government servants to indulge in this kind of propaganda ; and

(c) what action has Government taken on this matter ?

**Answer.**

(a) Yes.

(b) This is being examined.

(c) The matter is under consideration and appropriate action will be taken.

### Distribution of Food Grains.

2. [2] **Shri K. Madhavan Unnithan:** Will the Minister for Food and Civil Supplies be pleased to state :

(a) whether rice is being wholly excluded from the quota of food grains issued in the Kunnathur Taluk continuously for months ; and

(b) is there any order in force directing a uniform method of distribution ?

**Answer.**

(*a*) No. Rice is not being wholly excluded from the quota of foodgrains issued in the Kunnathur Taluk continuously for months.

(*b*) No. Uniformity in the method of distribution is not possible in the case of taluks where paddy is also issued as ration. Rice or paddy or both would be issued according to availability.

### ലാക്കപ്പുമർദ്ദനം.

൩. [൩] ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളകപ്പനഗർപോലീസ് സ്റ്റേഷനിൽ വച്ച് പണിമുടക്കസമരം നടത്തിയിരുന്ന ഓട്ടുകമ്പനി തൊഴിലാളിനേതാക്കന്മാരെ ലാക്കപ്പിൽ വച്ച് മർദ്ദിച്ച് ദേഹോപദ്രവം ഏല്പിച്ചു .എന്ന് വല്ല പരാതിയും ഈയിടെ ലഭിക്കുകയുണ്ടായൊ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് എന്തു നടപടി എടുത്തു?

### ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

### രാമപുരം ആംഡ് റിസർവ്വ് ക്യാമ്പ്.

൪. [൬] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'രാമപുരം ആംഡ് റിസർവ്വ് ക്യാമ്പ്' (Armed Reserve Camp) എന്നുമുതൽക്കാണ് റിസർവ്വ് പോലീസിൻെറ ഒരു ട്രെയിനിംഗ് ക്യാമ്പായി മാററിയതു്;

(ബി) അന്നുമുതൽ ഇന്നേവരെ അതിൻെറ മേലദ്ധ്യക്ഷൻ (കമാൻഡർ) അല്ലെങ്കിൽ അദ്ധ്യക്ഷന്മാർ ആരായിരുന്നു;

(സി) എത്രപേരാണ് ഈ റിസർവ്വ് ക്യാമ്പിലുള്ളതു്;

(ഡി) ൧൯൪൯-ജൂലൈമുതൽ ഓരോ കൊല്ലത്തിലും അവിടെനിന്നും രാജിവച്ചുപോയവരുടെ എണ്ണമെത്ര;

(ഇ) അവിടത്തെ കമാൻഡർ കൈലാസനാഥയ്യരെപ്പററി എന്തെങ്കിലും പരാതി പോലീസുകാരിൽ നിന്നു ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(എഫ്) അത്തരം പരാതികളെപ്പററി വല്ല അന്വേഷണവും ഗവണ്മെൻറ നടത്തുകയുണ്ടായോ; അവയുടെ ഫലമെന്തു്?

### ഉത്തരം

(എ) രാമപുരം എന്നൊരു റിസർവ്വുക്യാമ്പില്ലാത്തതിനാൽ ഈ ചോദ്യം പ്രസക്തമല്ല.

ചോദ്യം "രാമവർമ്മപുരം" റിസർവ്വ് ക്യാമ്പിനെപ്പററിയാണെങ്കിൽ ഉത്തരങ്ങൾ പറയാവുന്നതാണ്.

൨൪-൧൦-൧൯൫൦ മുതൽ.

(ബി) ആർ. കൈലാസനാഥൻ, എ. എസ്സ്. പി.

(സി) ൯൪൪.

(ഡി) ൧-൭-൧൯൪൯ മുതൽ ൧-൭-൫൦ വരെ മൂന്നുപേർ ൧-൭-൫൦ മുതൽ ൧-൭-൫൧ വരെ ൧൬ പേർ. ൧-൭-൫൧ മുതൽ ൧൭-൬-൫൨ വരെ ൧൩ പേർ.

(ഇ) ഇല്ല.

(എഫ്) "ഇ" യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

## പോലീസ് മർദ്ദനം.

൫. [൭] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൃപ്രയാർ പോലീസ് ഔട്ട് പോസ്റ്റിലെ ഇൻചാർജ് ഹെഡ്കാൺസ്റ്റബിൾ മി. നാരായണൻ നായർ ചാത്തു എന്ന ഒരാളെ സ്റ്റേഷനിൽ വിളിച്ച് ദേഹോപദ്രവം ഏൽപ്പിച്ചതായി വല്ല പരാതിയും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു;

(സി) പ്രസ്തുത നാരായണൻ നായരുടെ പേരിൽ ഇതിനു മുമ്പു ഇത്തരം ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതായി അറിയാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അതിനെക്കുറിച്ച് അന്വേഷണം നടത്തി.

(സി) ഇല്ല.

## പോലീസുമർദ്ദനം.

൬. [൯] ശ്രീ. കെ. ജെ. തോമസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടർ കഴിഞ്ഞ ഏപ്രിൽ മാസം ഏഴാം തീയതി പാറത്തോട്ടിൽവച്ച് ഒരു സാധു മുസ്ലീം പൗരനെ പരസ്യമായി മർദ്ദിച്ചതിനെപ്പററി അവിടെയുള്ള ജനങ്ങളിൽ നിന്നും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു നടപടികൾ എടുത്തു;

(സി) ഈ ഇൻസ്പെക്ടരെപ്പററി മററനേകം പരാതികളും ലഭിച്ചിട്ടില്ലെ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം ഡി. എസ്. പി. അതിനെ കുറിച്ച് അന്വേഷണം നടത്തിവരികയാണ്.

(സി) ഇല്ല.

**Appointment of Shri Pandya Nadar.**

7. [12] **Shri P. Ravindran**: Will the Minister for General Administration be pleased to state:

(*a*) whether one Shri Pandya Nadar, a Revenue Tahsildar, has been appointed as Assistant Secretary to Government;

(*b*) whether it is opposed to the policy of the Government not to sanction inter-departmental promotions;

(*c*) whether the Public Service Commission was consulted in making this appointment; and

(*d*) whether it is not obligatory according to the provisions of the Constitution to consult the Public Service Commission before making such inter-departmental appointments?

**Answer.**

(*a*) Shri Pandya Nadar is senior permanent Superintendent in the Secretariat. He was on other duty as Grain Purchase Tahsildar. He was appointed as acting Assistant Secretary to Government according to his seniority in the Secretariat. He was not a Revenue Tahsildar at the time of his appointment.

(b) It is not a case of inter-departmental promotion.

(c) Such consultation is not necessary for internal transfers.

(*d*) In the light of the answer to (b) above, this question does not arise.

**Manure Depots.**

8. [14] **Shri R. Kesava Pillai**: Will the Minister for Agriculture be pleased to state:

(*a*) The number of manure depots in the Travancore-Cochin State for the supply of manure to the cultivators of the State; and

(*b*) the approximate demand in cwts. made of the various kinds of manure for purposes of cultivation, the actual quantity supplied to cultivators in each of the manure depots in the State.

**Answer.**

(*a*) 376.

(*b*) it is not possible to furnish the information required, since the period for which it relates is not specified.

**Mr. Speaker**: Order, order. The time for interpellations is over.

12 Noon.]

## LOUD-SPEAKER ARRANGEMENT

ശ്രീ. സി. ശങ്കർ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഈ ഭാഗത്തുനിന്നു പറയുന്നതൊന്നും ഇവിടെ ശരിക്കു കേൾക്കുവാൻ സാധിക്കുന്നില്ല. അതു മൈക്കിന്റെ എന്തോ കുഴപ്പം കൊണ്ടാണെന്നു തോന്നുന്നു. അതു ശരിയായി കേൾക്കത്തക്ക വിധമാക്കിയാൽ കൊള്ളാം.

**Mr. Speaker**: So far as the Ministers' mikes are concerned' no change has been made.

## POINT OF ORDER Re: ANSWERING OF QUESTIONS

**Shri C. Achyutha Menon**: Sir, on a point of information. I want to know what is the principle followed in determing the order of questions. I feel there is some irregularity. Some starred questions sent up have been relegated as unstarred questions even though questions sent later appear in the starred list. I shall state an example. For instance question No. 22 addressed to the Home Minister, that is in the list numbered as 338 is a starred question. But here is an unstarred question that is question No. 3 in the unstarred list bearing No. 324. I do not understand Sir, how this happened. Obviously, this question 324 should have been put earlier than question No. 338. May I know the reason for this irregularity?

**Mr. Speaker**: These are the reasons. As soon as questions are received in the office they are numbered serially according to priority of receipt and then they will go to the typewriter. When the typed copies reach the Speaker he takes some responsibility and exercises his discretion in admitting them as starred or unstarred. Questions which deal with purely local matters or with individuals are usually received as starred questions. Such questions will be unstarred. So the mere fact that a question was given notice of earlier as starred does not entitle it to get priority in the starred list.

ശ്രീ. സി. അച്യുതമേനോൻ: ഇതിൽ ഒരു ആർഡർ തെറ്റിയതാണു കാണുന്നതു്.

**Mr. Speaker**: The hon. Member may refer the matter to me in my chambers when I will be able to clear the position.

## ADJOURNMENT MOTION Re: PROHIBITORY ORDER

**Mr. Speaker**: I have received notice of a motion from Shri E. Gopalakrishna Menon for the adjournment of the business of the House for discussing an urgent matter, namely the prohibitory order issued yesterday. The same question has been raised before the Madras Assembly where it has been ruled out of order. The District Magistrate issued the order. And the District Magistrate promulgated that order using the discretion

[Mr. Speaker]

vested in him by statutory provisions and his action does not involve more than the ordinary administration of the laws. Secondly, as I observed now, hon. Members will get in the Parliamentary way sufficient opportunity to discuss the question during the general discussion on the budget or when we proceed with the voting of demands. On these grounds I rule the motion out of order.

ശ്രീ. ടി. വി. തോമസ്: ഒരു പായിന്റ് ഓഫ് ഓർഡർ. ആസ്ഥിതിക്ക് ഈ ബഡ്ജററ സെഷനിൽ യാതൊരു അടിയന്തിരപ്രമേയവും കൊണ്ടുവരുവാൻ സാദ്ധ്യമല്ലെന്നു വരുന്നില്ലേ?

**Mr. Speaker:** I may say for the information of the hon. Member that any comment or any criticism on the ruling given by the Speaker is absolutely out of order. I may also inform the Member that the present ruling has been given not merely by using the discretion of the Speaker but on well-definedprovisions of law.

ശ്രീ. ടി. വി. തോമസ്: വിമർശനമല്ല, ഈ റൂളിംഗിന്റെ ബുദ്ധിമുട്ടിനെക്കുറിച്ചു് പറയുകയാണു്.

**Mr. Speaker:** What I have stated is exactly the position. What else can I do?

ശ്രീ. ടി. വി തോമസ്: ഈ റൂളിംഗുതന്നെ ഒരു കാൺട്രോവേഴ്സൽ ഇഷ്യൂ ആണെന്നു് അറിയാമോ?

**Mr. Speaker:** I cannot enter into a discussion on the Subject with the hon. Member. But the hon. Member may move for changing the rules or Standing Orders of the Assembly. I have no objection. The House is not prejudiced by the ruling. There is ample opportunity to discuss this particular question during the present session itself. Order, order.

## PANEL OF CHAIRMEN

മി. സ്പീക്കർ: അടുത്തതായി ലജിസ്ലേററീവ് അസംബ്ളി ൧-ാം റൂളനുസരിച്ചു് ഈ സെഷനിലേയ്ക്കു് ശ്രീ. ററി. ററി. കേശവൻ ശാസ്ത്രിയേയും, ശ്രീമതി കെ. ആർ. ഗൗരിയേയും പാനൽ ഓഫ് ചെയർമെനായി നിയമിച്ചിരിക്കുന്നു.

## ARREST OF SHRI K. SADANANDAN, M. L. A.

**Mr. Speaker:** I have received a letter dated 18th June 1952 from the Sub-Divisional Magistrate, Trivandrum, regarding the arrest of an hon. Member of this House, Shri K. Sadanandan. Under the parliamentary convention I am bound to place the letter before the House. I shall read the letter for the information of the House.

"I have the honour to inform you that I have found it my duty in exercise of the powers under section 107 Cr. P. C., to

direct the Sub-Inspector of Police, Puthenchanthai, that Shri K. Sadanandan shall be arrested and brought before me to show cause why he should not be asked to execute bond for keeping the peace. This was necessitated as it was found that he was indulging in acts that may occasion a breach of the peace. In pursuance of my orders, he has been arrested and is kept under custody. Shri K. Sadanandan is a member of the Travancore-Cochin Legislative Assembly." Immediately after his arrest the matter was reported to the Speaker.

**Shri M. M. Abdul Khader :** Sir, on a point of information. Is it not necessary to inform the Speaker prior to the arrest itself ?

**Mr. Speaker :** It is not necessary.

**Shri C. Achyutha Menon :** Sir, I have given notice of a motion of privilege. I want to know what happened to that.

**Mr. Speaker :** I am coming to that.

## PRIVILEGES COMMITTEE

മി. സ്പീക്കർ : അസംബ്ളി ചട്ടങ്ങളിലെ ൬൨-ാം ചട്ടമനുസരിച്ച് താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു പ്രിവിലേജസ്കമ്മിററി രൂപീകരിച്ചിരിക്കുന്നു.

(൧) ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.
(൨) ,, നെടുമങ്ങാട് ആർ. കേശവൻനായർ.
(൩) ,, ഇ. പി. വറുഗീസ്.
(൪) ,, എൻ. എ. നൂർമുഹമ്മദ്.
(൫) ,, കെ. ബാലകൃഷ്ണമേനോൻ.
(൬) ,, ടി. പി. താമസ്സ്.
(൭) ,, പി. രവീന്ദ്രൻ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ കമ്മിററിയുടെ അദ്ധ്യക്ഷനായിരിക്കുന്നതാണ്.

## QUESTION OF PRIVILEGE

**Mr. Speaker :** Order, order. I have received a letter from the hon. Member Shri Achyutha Menon regarding the illegal opening of letters addressed to the Members of this House by the Postal Department. It is evident from the letter itself that the hon. Member is still under correspondence with the Postal authorities and the question whether there is a *prima facie* case to be referred to the Privileges Committee is doubtful till that correspondence is complete. Moreover, the House is entitled to know something of the facts concerning this matter. So, I am not ruling that it is not a matter for the Committee of Privileges, but at the same time, I would suggest to the hon. Member to wait till the correspondence is complete when it would be open to him to move the matter again in the House for its decision.

## STATEMENT BY THE MINISTER FOR FINANCE REGARDING THE BUDGET FOR 1952—53.

**Shri Panampilli Govinda Menon :**

Sir,

I would like to make a short statement explaining some of the salient features of the Budget and the important changes that have been made in it. The Budget Documents for 1952-53 were formally presented during the last session of the Assembly, even though only a Vote on Account for the first 4 months of the year was taken under Article 205 of the Constitution. In my speech presenting the Budget, I promised to review the Budget presented before this Assembly and to make such revision as is considered necessary before approaching the House to vote on the demands for the year as a whole. Accordingly, a detailed review of the Revenue and Expenditure was undertaken.

The Budget is usually prepared on the basis of the figures for the first 9 to 10 months of a year and is generally completed before the commencement of the financial year for which it is prepared. As the review was taken up after the commencement of the current financial year, and after obtaining the provisional accounts for 1951-52, it has been possible to review the expenditure and revenue estimates, based on the actuals. Accordingly, the revenue estimates under some major heads which were under-estimated based on the then available data have been suitably modified. Additional provisions considered absolutely necessary for certain nation-building activities are proposed to be moved as supplementary demands as advised by the Central Government instead of revising the Budget documents already presented.

The Memorandum on Demands for Grants for expenditure now presented to you details the procedure adopted on the lines indicated by the Finance Department of the Government of India. Hitherto the hon. Members were asked to vote only the net expenditure involved under each demand. As this may not give a correct idea of the total volume of transactions involved a new procedure has been prescribed by the Government of India, according to which the demands for grants will be for the gross expenditure excluding all credits and recoveries, which have hitherto been taken as deduction from the demands. The effect of this procedure will be to increase the amounts of demands under the various items, but the hon. Members will note that it will not involve any increase in the actual net expenditure, as accounting will continue to take the recoveries in reduction of expenditure even though the gross expenditure is voted by the Legislature. Otherwise both the receipts and expenditure will be unnecessarily exaggerated exhibiting inflated figures on both sides. As this is an important change that has been made since presenting the Budget, I have taken this opportunity to explain it.

*Supplementary Grants.* In cases where additional amounts were absolutely required, as a result of the review made, supplementary demands are proposed to be moved and a statement of the supplementary demands is given as Annexure III to the Memorandum on Demands for Grants. Full details showing the purpose of such supplementary demands are given in the statement of supplementary demands which will be distributed to the hon. Members. However, I shall touch upon a few of the important items where comparatively large amounts have been asked for.

Under '18—Other Revenue Expenditure', it is proposed to ask for Rs. 9 lakhs as additional grant. This is mostly for Grow More Food and Minor Irrigation Works which are very essential and cannot be put off.

Under 'Election' an additional grant of Rs. 5 lakhs is asked for. This is in connection with the revision of Electoral Rolls for which directions have been received from the Election Commissioner rather late. A moiety of this amount is recoverable from the Government of India.

Even though our Education expenditure has been steadily increasing, it has been found that certain items of expenditure which were omitted to be included in the budget or which require some enhancement could not be avoided, and hence, an additional grant of Rs. 14 lakhs is asked for.

Similarly under 'Civil Works' the budget has provided the highest amount ever budgeted for under this head. A review of the important items of work which have to be taken up immediately, however, revealed the absolute necessity for additional funds, details of which are given in the statement of Supplementary Demands. The details furnished will clearly show the anxiety of the Government to provide more and more amenities to the people and to spend as much money as possible on nation-building activities.

Under 'Capital' also, more amounts have been provided for industrial development, Electricity and State Trading.

Annexure IV attached to the Memorandum on Demands for Grants exhibits the final budgetary position. I am happy to say that in spite of very heavy increase in most of the items of expenditure for nation-building schemes, including Community Projects, our budgetary position is very encouraging. The hon. Members who have been reading the budgetary position of other States would agree with me that our programme of expenditure is in no way behind any one of the States, but that in several respects we have forged ahead. Yet our final deficit is the smallest. This is due to the fact that our revenue collections have been steadily progressing in spite of several very adverse circumstances.

Since presenting the Budget in March 1952, the Finance Commission regarding whom I have made reference in my

Budget Speech, visited the State. The Government had detailed discussions with them on the various topics covered by their enquiry and the Memorandum forwarded to the Commission in advance. A supplementary Memorandum emphasising some of the salient features of our requests and other important matters was also submitted. Government hope that the Commission will give their most anxious consideration to our requests and make appropriate recommendations to the President.

ശ്രീ. ടി. വി. താമസ്സ്: സർ, കഴിഞ്ഞ പ്രാവശ്യം ബഡ്ജററ് അവതരിപ്പിച്ച അവസരത്തിൽ ഒരു റിവൈസ്ഡ് ബഡ്ജററ് വീണ്ടും അവതരിപ്പിക്കുമെന്നു പറഞ്ഞിരുന്നു. എന്നാൽ ഇന്നു അതു അവതരിപ്പിച്ചിട്ടില്ല. ഉടൻതന്നെ ജനറൽ ഡിസ്കഷൻ തുടങ്ങുകയാണെങ്കിൽ അതു് പ്രതിപക്ഷത്തിനു കുറച്ചു ബുദ്ധിമുട്ടുണ്ടാക്കുന്നതായിരിക്കും. അതുകൊണ്ടു ജനറൽ ഡിസ്കഷൻ നാളേയ്ക്കു മാററി വയ്ക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

**Mr. Speaker:** I have no objection to agree to this suggestion. But, the main Budget estimates were placed before the House even during the last session and there was ample opportunity to go through the figures and the Budget estimates. The Minister for Finance has made only a very short statement which is not going to affect the regular Budget estimate in any way substantially. But since he wants some additional amounts towards nation-building activities of the State, some items are put as Supplementary demands. Now, even apart from the provision of the estimates contained in the General Budget, it is open to him to move for supplementary grants. But here, to enable the House to discuss the whole Budget estimate in the light of the revision made by the Finance Minister, that short statement has been made necessary, and it has been made simply to carry out that promise of a "revised Budget". To the extent of this statement only the Budget has been revised. Therefore, the hon. Member need not be alarmed. If the general opinion of the House is that they want some more time in the light of the statement made today to start the general discussion on the Budget estimates, I have no objection to have it tomorrow. Is the House agreeable to that proposal?

**Shri Panampilli Govinda Menon:** I shall be happy if hon. Members in this House will get ample time to look into the Budget and give their opinion because the short statement which I have made may not enable them to understand the very large changes made in the Budget as may be seen from the memorandum submitted to the Members.

**Shri P. S. Nataraja Pillai:** Sir, after his statement the Budget has become a deficit. The Budget presented was a surplus Budget and with the statement, the whole financial set up has changed. To make any relevant comment on the financial position unless figures are available, is not very easy.

**Shri Panampilli Govinda Menon:** I agree to the adjournment.

**Shri C. Achyutha Menon:** I have a request to make to the Hon. Minister for Finance.

സർ, ഇവിടെ ഫൈനാൻഷ്യൽ കമ്മിഷൻ വന്ന അവസരത്തിൽ ഗവണ്മെൻറ് അവരുടെമുമ്പാകെ മെമ്മോറാണ്ഡം സമർപ്പിച്ചു എന്നു പറയുകയുണ്ടായി. ആദ്യം ഒരു മെമ്മോറാണ്ഡം കൊടുത്തു, പിന്നീട് ഒരു സപ്ലിമെൻററി മെമ്മോറാണ്ഡം കൊടുത്തു എന്നു പറയുകയുണ്ടായി. ആ ഫൈനാൻഷ്യൽ കമ്മിഷൻെറ തീരുമാനം നമ്മുടെ രാജ്യത്തെ ഭാവി ഭാഗധേയത്തെ സാരമായി ബാധിക്കുന്ന ഒന്നാണ്. അപ്പോൾ ഈ ഗവണ്മെൻറ് ഫൈനാൻഷ്യൽ കമ്മിഷൻെറ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ഡം എന്താണ് എന്നു അറിയേണ്ട ചുമതല ഈ സഭയ്ക്കുണ്ട്. അതുകൊണ്ട് ആ വക കടലാസുകളെല്ലാം ഈ സഭമുമ്പാകെ വയ്ക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. അതിനെക്കുറിച്ച് ഈ ഒരു ദിവസം ചർച്ച നടത്തണമെന്നും എനിക്കു അഭിപ്രായമുണ്ട്.

**Mr. Speaker:** That may be considered afterwards. It is not exactly pertaining to the matter before the House. The matter before the House is that the general discussion of the Budget may be adjourned till tomorrow.

**Shri M. M. Abdul Khader:** If the idea is to study the Budget in the light of the new changes made, it will be better to adjourn till day after tomorrow.

**Mr. Speaker:** In this matter, I may say,—the House will excuse me—if every individual stands up and gives some suggestion, it will be very difficult to act one way or other. There is the leader of the opposition, who has proposed that the House may adjourn till tomorrow and I suppose there is general agreement to it. The Speaker is amenable to the proposal. We will now adjourn and meet again tomorrow at 11 of the clock.

The Assembly adjourned at 12-25 p. m. to meet again at 11-0 a. m. on Tuesday, the 1st July, 1952.

V. KRISHNAMOORTHI,

*Secretary to the Legislative Assembly.*

---

## APPENDIX.

**(Please see answer to Question No. 18 [19] dated 30-6-1952).**

### PRESS NOTE.

The relations between the managements and labourers in plantations in the Peermade area were strained for some time. In the Pasumalai Estate the labourers demanded that the one Edangali of cereals per week given free to non-working children should be entirely given in the form of rice. The Superintendent of Pasumalai Estate did not accede to the request.

Matters came to a head on the 22nd April when the labourers went in a body to the Superintendent's office and demanded the issue of rice or price of rice. They sat on the doorstep of the Superintendent's office and refused to go till the demand was granted. More labourers joined in the demonstration and kept the Superintendent and his staff in wrongful confinement from 8-30 a. m. till 2-30 p. m. refusing to let them go out even for a few minutes.

On information received, a Head Constable and two Constables reached the Estate soon after 2-30 p. m. They 'rescued' the Superintendent and took him to his house. On returning to rescue the clerks, the policemen found that the crowd was pelting stones on the office building causing serious damage. The crowd also assaulted the policemen and took away their turbans and lathies—one of the turbans was burnt. The policemen escaped to the Vandiperiyar Outpost.

On telegraphic requisition, the Sub Inspector of Police accompanied by the Taluk First Class Magistrate, 1 Head Constable and 12 Constables (of whom 8 were armed) proceeded to the Estate. They found an unruly crowd of about 1,000 labourers armed with aruvals, sticks and stones which rushed on the Police Van and began pelting stones. The Magistrate declared it to be an unlawful assembly and asked the crowd to disperse. The Sub Inspector warned the crowd in Tamil and Malayalam that force would be used if the crowd did not disperse. The warning had no effect. The throwing of stones was continued with more force. With the concurrence of the Magistrate, the Sub Inspector ordered a lathi charge which was ineffective. The crowd became even more violent; stone throwing increased. Some members of the crowd closed in on the police and attempted to wrench the weapons. The bayonet of a Constable was torn away with the scabbard and belt. The Sub Inspector and 6 Constables sustained injuries.

Seeing that the situation was beyond control and apprehending serious injury to the Police party and the possibility of the arms being snatched away, the Magistrate after due warning ordered the opening of fire. Fire was opened. The crowd then dispersed. One of the rioters died on the spot while 5 others were injured—two died subsequently; two received only minor

injuries. One received serious injuries but is progressing fairly satisfactorily in Kottayam District Hospital. The Sub Inspector and 6 Constables were injured. The condition of 3 Constables is not free from some anxiety.

Orders have been issued by the District Magistrate, Kottayam, under Section 144 Criminal Procedure Code, prohibiting processions, meetings and assemblies for a period of 15 days in Peermade and Devicolam Taluks.

Government deeply regret that the loss of three lives should have occurred in the discharge of their duties in maintaining law and order. They convey their sympathy to the bereaved families. Government would like to emphasise that they will continue to deal firmly with any attempt to cause a breach of the peace.